2025FEBRUARY
07
FRIDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




# ബംഗ്ലദേശിൽ വീണ്ടും കലാപം: ഷെയ്ഖ് ഹസീനയുടെ വീട് ഇടിച്ചു നിരത്തി, തീയിട്ടു



**ധാക്ക:** ബംഗ്ലദേശ് മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയുടെ കുടുംബ വീട് പ്രതിഷേധക്കാർ ഇടിച്ചുനിരത്തി. ഹസീനയുടെ പാർട്ടിയിലെ മറ്റ് അംഗങ്ങളുടെ വീടുകളും തീവെച്ച് നശിപ്പിച്ചു. സമൂഹ മാധ്യമത്തിലൂടെ ഹസീന രാജ്യത്തെ അഭിസംബോധന ചെയ്തതാണ് ഇപ്പോഴത്തെ കലാപത്തിന് കാരണം. ആയിരത്തിലേറെ കലാപകാരികളാണ് ആക്രമണത്തിന് നേതൃത്വം നൽകിയത്.

ബംഗ്ലദേശ് സ്ഥാപകനും രാഷ്ട്രപിതാവുമായ മുജീബുർ റഹ്മാന്റെ വസതി കൂടിയാണ് കലാപകാരികൾ തകർത്തത്. മുജീബുർ റഹ്മാന്റെ മകളാണ് ഷെയ്ഖ് ഹസീന. ബുധനാഴ്ച രാത്രി 9നാണ് ഹസീന സമൂഹ മാധ്യമം വഴി ബംഗ്ലദേശ് പൗരന്മാരോട് സംസാരിച്ചത്. ഇതേസമയത്താണ് കലാപകാരികൾ ഒന്നിച്ചെത്തി അവരുടെ വീട് തകർത്ത് തീയിട്ടത്. മണ്ണുമാന്തി യന്ത്രം ഉപയോഗിച്ചാണ് വീട് ഇടിച്ചുനിരത്തിയത്.

ഹസീന പ്രസംഗിക്കാൻ തുടങ്ങിയപ്പോൾ പ്രതിഷേധക്കാർ വീട്ടിലേക്ക് ഇരച്ചുകയറി ചുവരുകൾ പൊളിച്ചുമാറ്റാൻ തുടങ്ങി. പിന്നീട് ക്രെയിനും എക്സ്കവേറ്ററും ഉപയോഗിച്ച് കെട്ടിടം പൂർണമായും പൊളിച്ചുമാറ്റി. പിന്നാലെ വീട്ടിലെ സാധനങ്ങളെല്ലാം കത്തിച്ചു. മുതിർന്ന അവാമി ലീഗ് നേതാക്കളുടെ വീടുകളും സംരംഭങ്ങളും നശിപ്പിക്കുകയും കത്തിക്കുകയും ചെയ്തു. ബുധനാഴ്ച രാത്രി ഏകദേശം ആയിരത്തിലധികം പ്രതിഷേധക്കാർ ഹസീനയുടെ വസതിയിൽ എത്തിയതായും പ്രതിരോധിക്കാൻ സർക്കാർ ഡസൻ കണക്കിനു പൊലീസ് ഉദ്യോഗസ്ഥരെ വിന്യസിച്ചതായും രാജ്യാന്തര മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തു. ബുൾഡോസറുകൾ ഉപയോഗിച്ച് രാജ്യത്തിന്റെ സ്വാതന്ത്ര്യം തകർക്കാൻ അവർക്ക് അധികാരമില്ല. ഒരു കെട്ടിടം അവർ തകർത്തേക്കാം, പക്ഷേ ചരിത്രം മായ്ക്കാൻ അവർക്ക് കഴിയില്ല" ഹസീന പറഞ്ഞു. ബംഗ്ലദേശിലെ പുതിയ നേതാക്കളെ ചെറുക്കാൻ അവർ ജനങ്ങളോട് ആഹ്വാനം ചെയ്തു.

ഭരണഘടനാ വിരുദ്ധമായ മാർഗങ്ങളിലൂടെയാണ് അവർ അധികാരം പിടിച്ചെടുത്തതെന്നും ഹസീന ആരോപിച്ചു.



## 10, 12 ക്ലാസുകളിലെ പൊതുപരീക്ഷകൾ നിരീക്ഷിക്കാൻ ഡ്രോണുകൾ; ക്രമക്കേടിനെതിരെ കർശനനടപടി

**മുംബൈ:** 10, 12 ക്ലാസുകളിലെ പരീക്ഷകളുമായി ബന്ധപ്പെട്ട് പ്രശ്നബാധിത പരീക്ഷാകേന്ദ്രങ്ങളിൽ ഡ്രോൺ നിരീക്ഷണം നടത്താൻ മഹാരാഷ്ട്ര വിദ്യാഭ്യാസ ബോർഡ് തീരുമാനിച്ചു. രാജ്യത്ത് ആദ്യമായാണ് പൊതുപരീക്ഷയുടെ നിരീക്ഷണത്തിനായി ഡ്രോൺ ഉപയോഗിക്കുന്നത്. സംസ്ഥാനത്തെ 8,500 പരീക്ഷാകേന്ദ്രങ്ങളിൽ 500 എണ്ണം പ്രശ്നബാധിതമായി കണ്ടെത്തിയിട്ടുണ്ട്. 12–ാം ക്ലാസ് പരീക്ഷ ഈ മാസം 11 മുതൽ 18 വരെയും 10–ാം ക്ലാസ് പരീക്ഷ ഈ മാസം 21 മുതൽ മാർച്ച് 17 വരെയുമാണ് നടത്തുന്നത്.

കോപ്പിയടിക്കെതിരെ സ്കൂളുകളിൽ ശക്തമായ പ്രചാരണം നടത്തണമെന്ന് വിദ്യാഭ്യാസ ഓഫിസർമാരുമായി നടത്തിയ കൂടിക്കാഴ്ചയിൽ ചീഫ് സെക്രട്ടറി സുജാത സൗനിക് ആവശ്യപ്പെട്ടു. 1982ലെ മഹാരാഷ്ട്ര ദുരുപയോഗം തടയൽ നിയമം എല്ലായിടത്തും നടപ്പാക്കും. ക്രമക്കേടുകൾ നടത്തുന്നവർക്കും അതിന് സഹായം ചെയ്യുന്നവർക്കുമെതിരെ ജാമ്യമില്ലാത്ത കുറ്റം ചുമത്തും. പരീക്ഷാകേന്ദ്രങ്ങളുടെ 500 മീറ്റർ പരിധിയിലുള്ള ഫോട്ടോകോപ്പി കേന്ദ്രങ്ങൾ അടച്ചിടും. അനധികൃത ഒത്തുചേരലുകൾ തടയാൻ സെക്ഷൻ 144 (നിരോധനാജ്ഞ) നടപ്പാക്കും.

പരീക്ഷ നടക്കുന്നതിന്റെ ഒരു ദിവസം മുൻപ് തന്നെ അതത് കേന്ദ്രങ്ങളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ സ്ഥലത്തെത്തി ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോ എന്ന് ഉറപ്പാക്കണം. പരീക്ഷാസമയത്ത് കേന്ദ്രങ്ങളുടെ പരിസരം വിഡിയോയിൽ പകർത്തുകയും മിന്നൽ പരിശോധന നടത്താൻ പ്രത്യേക സ്ക്വാഡുകളെ നിയമിക്കുകയും ചെയ്യും.

സെന്റർ ഡയറക്ടർമാർ, സൂപ്പർവൈസർമാർ, മറ്റു ഉദ്യോഗസ്ഥർ എന്നിവരെ ഫേഷ്യൽ റെക്കഗ്നിഷ്യൻ സിസ്റ്റം വഴി പരിശോധന നടത്തി മാത്രമേ അകത്തേക്കു പ്രവേശിപ്പിക്കൂ. കോപ്പിയടിക്കെതിരെ വിദ്യാർഥികളിൽ അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ ഒട്ടേറെ ബോധവൽക്കരണ പരിപാടികളും കഴിഞ്ഞ രണ്ടു മാസമായി സ്കൂളുകളിൽ നടത്തുന്നുണ്ട്.

## രാജ്യാന്തര ക്രിമിനൽ കോടതിക്ക് ഉപരോധം; സാമ്പത്തിക സഹായം അവസാനിപ്പിക്കും, ഉത്തരവിൽ ഒപ്പുവച്ച് ട്രംപ്



**വാഷിങ്ടൻ:** രാജ്യാന്തര ക്രിമിനൽ കോടതിക്ക് ഉപരോധം ഏർപ്പെടുത്തി യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ ഉത്തരവ്. രാജ്യാന്തര കോടതിക്കുള്ള സാമ്പത്തിക സഹായം അമേരിക്ക അവസാനിപ്പിക്കും. രാജ്യാന്തര കോടതിയിലെ ഉദ്യോഗസ്ഥർക്ക് യുഎസിലും സഖ്യകക്ഷി രാജ്യങ്ങളിലും വീസ നിയന്ത്രണവും ഏർപ്പെടുത്തും. അമേരിക്കയെയും അടുത്ത സഖ്യകക്ഷിയായ ഇസ്രയേലിനെയും ലക്ഷ്യമിട്ടുള്ള അന്വേഷണങ്ങൾക്ക് പിന്നാലെയാണ് ട്രംപിന്റെ ഉപരോധ ഉത്തരവ്.

ഇസ്രയേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹുവിനെതിരെ അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചതിലൂടെ കോടതി അധികാര ദുർവിനിയോഗം നടത്തിയെന്നാണ് ട്രംപിന്റെ ഉത്തരവിൽ പറയുന്നത്. ചൊവാഴ്ച ട്രംപുമായി നെതന്യാഹു കൂടിക്കാഴ്ച നടത്തിയിരുന്നു. അമേരിക്കയെയും അടുത്ത സഖ്യകക്ഷിയായ ഇസ്രയേലിനെയും ലക്ഷ്യം വച്ചുള്ള നിയമവിരുദ്ധവും അടിസ്ഥാനരഹിതവുമായ നടപടികളിൽ കോടതി ഏർപ്പെട്ടിട്ടുണ്ടെന്നും ഉത്തരവിൽ പറയുന്നു.

യാത്രാ നിരോധനം ഏർപ്പെടുത്തുന്നതിനൊപ്പം രാജ്യാന്തര കോടതിയിലെ ഉദ്യോഗസ്ഥരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ആസ്തി മരവിപ്പിക്കാനും ഉത്തരവിൽ പറയുന്നുണ്ട്.





**സി എസ് ആർ പദ്ധതിയുടെ ഭാഗമായി എടക്കുന്ന് ശിശുഭവന് ഫെഡറൽ ബാങ്ക് നൽകുന്ന മാരുതി ഈക്കോ വാഹനത്തിന്റെ താക്കോൽ ഫെഡറൽ ബാങ്ക് ആലുവ റീജിയണൽ മേധാവി ബിനു തോമസ് ശിശുഭവൻ പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ ആഷ്‌ലിയ്ക്ക് കൈമാറുന്നു. ഫെഡറൽ ബാങ്ക് അങ്കമാലി ശാഖാ മാനേജർ അരുൺ ബി, ഓപ്പറേഷൻസ് ഹെഡ് അഭിരാജ് എ എ, സെയിൽസ് ഹെഡ് വിബിൻ വർഗീസ് തുടങ്ങിയവർ സമീപം.**

## എടക്കുന്ന് ശിശുഭവന് മാരുതി ഈക്കോ സംഭാവന നൽകി ഫെഡറൽ ബാങ്ക്

**കൊച്ചി:** സി എസ് ആർ പദ്ധതിയുടെ ഭാഗമായി അങ്കമാലി ശാഖ എടക്കുന്ന് ശിശുഭവന് ഫെഡറൽ ബാങ്ക് മാരുതി ഈക്കോ വാഹനം സംഭാവന ചെയ്തു.

സെന്റ് ജോസഫ് പ്രൊവിൻസ് ഓഫ് ദി കോൺഗ്രഗേഷൻ ഓഫ് സിസ്റ്റേഴ്സ് ഓഫ് നസറെത്തിന്റെ (സി എസ് എൻ ) സഹോദര സ്ഥാപനമാണ് ശിശുഭവൻ.

ഫെഡറൽ ബാങ്ക് ആലുവ റീജിയണൽ മേധാവിയായ ബിനു തോമസ് വാഹനത്തിന്റെ താക്കോൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ആയ സിസ്റ്റർ ആഷ്‌ലിയ്ക്ക് കൈമാറി. ഫെഡറൽ ബാങ്ക് അങ്കമാലി ശാഖാ മാനേജർ അരുൺ ബി, ഓപ്പറേഷൻസ് ഹെഡ് അഭിരാജ് എ എ, സെയിൽസ് ഹെഡ് വിബിൻ വർഗീസ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.



## കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനായി കൊങ്ങോർപ്പിള്ളി ഹയർ സെക്കൻഡറി സ്കൂളുമായി കൈകോർത്ത് അമൃത

**കൊച്ചി:** കുട്ടികൾക്കായി ഒന്നിച്ച് എന്ന മുദ്രാവാക്യം ഉയർത്തിയാണ് അമൃത കോളേജ് ഓഫ് നഴ്സിംഗ് സ്കൂൾ ഹെൽത്ത് പ്രോഗ്രാം സംഘടിപ്പിച്ചത്. കൊങ്ങോർപ്പിള്ളി ഹയർ സെക്കൻഡറി സ്കൂളിൽ വെച്ച് നടന്ന ക്യാമ്പിൽ അഞ്ചു മുതൽ 9 വരെ ക്ലാസ്സുകളിലെ 150ലേറെ കുട്ടികൾ പങ്കെടുത്തു.

കൊങ്ങോർപ്പിള്ളി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളും അമൃത കോളേജ് ഓഫ് നഴ്സിംഗും സംയുക്തമായി സംഘടിപ്പിച്ച പരിപാടിയുടെ ഉദ്ഘാടനം കൊങ്ങോർപ്പിള്ളി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ ശ്രീ രമേഷ് നിർവഹിച്ചു. അമൃത കോളേജ് ഓഫ് നേഴ്സിംഗ് പ്രൊഫസർ നിതിൻ ഏലിയാസ് അസിസ്റ്റന്റ് പ്രൊഫസർ ശ്രീജേഷ് കൊങ്ങോർപ്പിള്ളി ഗവൺമെൻറ് ഹൈസ്കൂൾ പിടിഎ പ്രസിഡണ്ട് എം എ ജെയിംസ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു. അമൃത കോളേജ് ഓഫ് നേഴ്സിങ് പ്രിൻസിപ്പൽ ഡോ. കെടി മോളി മുഖ്യ സംഘാടകയായ ക്യാമ്പിന് ബിഎസ്സി നാലാം വർഷ ബിരുദ വിദ്യാർത്ഥിനികളായ വരദ, കാവ്യ, മിന്നു എന്നിവർ നേതൃത്വം നൽകി. ക്യാമ്പിന്റെ ഭാഗമായി റോൾപ്ലേ, ഡെങ്കിപ്പനി വ്യാപനത്തിനെതിരായ ഗാനാവിഷ്കാരം, ആരോഗ്യകരമായ ഭക്ഷണശീലത്തെ കുറിച്ചുള്ള പാവക്കൂത്ത്, നല്ല സ്പർശം മോശം സ്പർശം എന്നിവ തിരിച്ചറിയാനുള്ള ബോധവത്കരണ ക്ലാസ് എന്നിവ സംഘടിപ്പിച്ചു.

## അപേക്ഷ സ്വീകരിക്കുന്നതിനുള്ള തീയതി നീട്ടി

**കൊച്ചി:** അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഫെബ്രുവരി 2025 സപ്ലിമെന്ററി പരീക്ഷയ്ക്ക് അപേക്ഷ സ്വീകരിക്കുന്നതിനുള്ള തീയതി ദീർഘിപ്പിച്ചു. ഗവ ഐ ടി ഐ ആറ്റിങ്ങലിൽ 20192021 ൽ അഡ്മിഷൻ നേടിയ രണ്ടു വർഷ ട്രേഡുകളിലെ രണ്ടാം വർഷ ട്രെയിനികൾ, 2020 മുതൽ 2023 വരെ ഒരു വർഷ രണ്ടു വർഷ ട്രേഡുകളിൽ അഡ്മിഷൻ നേടിയ ട്രെയിനികൾ എന്നിവരിൽ റഗുലർ പരീക്ഷ എഴുതി പരാജയപ്പെട്ട ട്രെയിനികൾക്ക് അപേക്ഷിക്കാം. യോഗ്യരായ ട്രെയിനികൾ ബന്ധപ്പെട്ട രേഖകൾ സഹിതം ഫെബ്രുവരി 9 ന് വൈകിട്ട് 5 ന് മുൻപ് പ്രിൻസിപ്പാൾ മുൻപാകെ ഹാജരായി പരീക്ഷ എഴുതാനുള്ള അവസരം പ്രയോജനപ്പെടുത്തണം.

# അമൃതയിൽ പ്രഷർ എക്സ് സെമിനാർ സംഘടിപ്പിച്ചു

**കൊച്ചി:** ഹൈപ്പർ ടെൻഷനെ അടുത്തറിയാനുള്ള അവസരം ഒരുക്കിയാണ് കൊച്ചി അമൃത ആശുപത്രിയിൽ പ്രഷർ എക്സ് സെമിനാർ അവസാനിച്ചത്. അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ ഫിസിയോളജി വിഭാഗത്തിന്റെ ആഭിമുഖ്യത്തിലാണ് തുടർ വൈദ്യ പഠന സെമിനാർ സംഘടിപ്പിച്ചത്. അമൃത മെഡിക്കൽ കോളേജ് ഫിസിയോളജി വിഭാഗം മേധാവി ഡോ. സരസ്വതി എൽ പരിപാടിയുടെ ഓർഗനൈസിംഗ് ചെയർപേഴ്സണും ഡോ. സുജ ഗോപാലകൃഷ്ണൻ ഓർഗനൈസിംഗ് സെക്രട്ടറിയുമായിരുന്നു.

അമൃത ആശുപത്രി ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായർ സെമിനാർ ഉദ്ഘാടനം ചെയ്തു. സ്വാമി പൂർണാമൃതാനന്ദപുരി ഭദ്രദീപം കൊളുത്തി. മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. ഗിരീഷ് കുമാർ കെപി, അമൃത മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. എ ആനന്ദ് കുമാർ, എഐഎംഎസ് മെഡിക്കൽ കോളേജ് ഫിസിയോളജി വിഭാഗം മേധാവി ഡോ. കെപി കല്യാണി കുട്ടി, ഡോ. വസന്ത് പികെ എന്നിവർ ചടങ്ങിൽ സംസാരിച്ചു. കോട്ടയം മെഡിക്കൽ കോളേജ് ഫിസിയോളജി വിഭാഗം പ്രൊഫസർ ഡോ സരിത



ജെ ഷേണായ്, പ്രൊവിഡൻസ് എൻഡോക്രൈൻ ആൻഡ് ഡയബറ്റിക് സ്പെഷ്യാലിറ്റി സെൻറർ എൻഡോക്രിനോളജിസ്റ്റ് ഡോ. ടിറ്റു ഉമ്മൻ, അൽ അസർ മെഡിക്കൽ കോളേജ് ഫിസിയോളജി വിഭാഗം മേധാവി,ഡോ. മേരി ചാക്കോ, തിരുവനന്തപുരം മെഡിക്കൽ കോളേജ് ഫിസിയോളജി വിഭാഗം മേധാവി ഡോ. ലക്ഷ്മി ജി, കോട്ടയം മെഡിക്കൽ കോളേജ് ഫിസിയോളജി വിഭാഗം മേധാവി ഡോ. ജിനോ എബ്രഹാം, അമൃത ആശുപത്രി കാർഡിയോളജി വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. സരിത ശേഖർ എസ്. എന്നിവരുടെ നേതൃത്വത്തിൽ ഹൈപ്പർ ടെൻഷൻ സംബന്ധിച്ച വിവിധ വിഷയങ്ങളിൽ സെമിനാറുകൾ നടന്നു. പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച ക്വിസ് മത്സരത്തിൽ വിജയികളായ മെഡിക്കൽ വിദ്യാർത്ഥികൾക്കുള്ള സമ്മാന ദാനവും ചടങ്ങിൽ വെച്ച് നടന്നു.

# വംശനാശഭീഷണി നേരിടുന്ന നാടൻ മത്സ്യങ്ങളുടെ സംരക്ഷണത്തിന് നൂതന പദ്ധതിയുമായി സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

**തിരുവനന്തപുരം:** സംസ്ഥാനത്ത് വംശനാശ ഭീഷണി നേരിടുന്ന നാടൻ ശുദ്ധജല മത്സ്യ ഇനങ്ങളെ സംരക്ഷിക്കാൻ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് (കെഎസ്ബിബി) നൂതന പദ്ധതി നടപ്പിലാക്കുന്നു. ഗവേഷകരെയും പ്രാദേശിക മത്സ്യത്തൊഴിലാളി സമൂഹത്തേയും ജൈവവൈവിധ്യ പരിപാലന സമിതികളേയും (ബിഎംസി) ഉൾപ്പെടുത്തിക്കൊണ്ട് കേരളത്തിന്റെ തനതായ ജല ജൈവവൈവിധ്യം സംരക്ഷിക്കാനാണ് 'ഉൾനാടൻ ജല ജൈവവൈവിധ്യ സംരക്ഷണവും ഭാവി മത്സ്യങ്ങളുടെ പ്രജനന കേന്ദ്രങ്ങൾ സ്ഥാപിക്കലും' എന്ന പേരിൽ ഈ സംരംഭം ആരംഭിക്കുന്നത്. ശുദ്ധജല മത്സ്യ സംരക്ഷണത്തിനായുള്ള ബോധവൽക്കരണവും നയതല ഇടപെടലുകളും ലക്ഷ്യമിട്ടുകൊണ്ട് 2025 ഫെബ്രുവരി 5 ന് കാര്യവട്ടത്തെ അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ് വകുപ്പിൽ ലോക തണ്ണീർത്തട ദിനാചരണവുമായി ബന്ധപ്പെട്ട ഒരു കൺസൾട്ടേറ്റീവ് വർക്ക്ഷോപ്പ് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ഇതിനായി സംഘടിപ്പിച്ചു. പ്രാദേശിക സമൂഹങ്ങളെ ശാക്തീകരിക്കുന്നതിനൊപ്പം കേരളത്തിന്റെ ജല പൈതൃകം സംരക്ഷിക്കുന്നതിനുള്ള കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ശ്രമങ്ങളുടെ ഭാഗമായിട്ടാണ് ഇത് നടപ്പിലാക്കുന്നത്.

ക്യാപ്റ്റീവ് ബ്രീഡിംഗ്, നാടൻ മത്സ്യ ഇനങ്ങളുടെ എണ്ണം വർധിപ്പിക്കൽ, സുസ്ഥിരമായ ഉപജീവനമാർഗം പ്രോത്സാഹിപ്പിക്കൽ എന്നിവയിൽ പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കും. വംശനാശഭീഷണി നേരിടുന്ന 10 മത്സ്യ ഇനങ്ങളെ സംരക്ഷിക്കുന്നതിനാണ് കെഎസ്ബിബി പ്രാരംഭ ഘട്ടത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ചെമ്പൻ കൂരൽ, ആശ്ചര്യ പരൽ, കരിംകഴുത്തൻ മഞ്ഞേട്ട, ചാലക്കുടി പരൽ, മോടോൺ, നാടൻ മുശി, ഈറ്റിലക്കണ്ണ, കരിമ്പാച്ചി, കരിയാൻ, ചെങ്കണിയാൻ/മിസ് കേരള എന്നിവയാണ് അവ.

കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസിന്റെയും (കുഫോസ്) അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ് വകുപ്പിന്റെയും കേരള വനം വകുപ്പിന്റെയും സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. കമ്മ്യൂണിറ്റി അധിഷ്ഠിത പ്രവർത്തനങ്ങളായ കപ്പാസിറ്റിബിൽഡിംഗ് വർക്ക്ഷോപ്പുകൾ, പ്രാദേശിക പങ്കാളികളുമായുള്ള സഹകരണം എന്നിവയും ഇതിന്റെ ഭാഗമായി നടപ്പിലാക്കും. വൈവിധ്യമാർന്ന കാർഷിക രീതികളിലൂടെ പ്രാദേശിക സമൂഹങ്ങൾക്ക് ബദൽ വരുമാന മാർഗ്ഗങ്ങൾ സൃഷ്ടിക്കാൻ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ഇതിലൂടെ ലക്ഷ്യമിടുന്നു.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആൻഡ് ചീഫ് വൈൽഡ് ലൈഫ് വാർഡൻ പ്രമോദ് ജി. കൃഷ്ണൻ വർക്ക്ഷോപ്പ് ഉദ്ഘാടനം ചെയ്തു. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാൻ ഡോ. എൻ. അനിൽകുമാർ അധ്യക്ഷനായ ചടങ്ങിൽ മെമ്പർ സെക്രട്ടറി ഡോ. വി ബാലകൃഷ്ണൻ സ്വാഗതവും അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ് ഡിപ്പാർട്ട്മെന്റ് സീനിയർ പ്രൊഫസർ ആൻഡ് ഹെഡ് ഡോ. എ. ബിജു കുമാർ നന്ദിയും രേഖപ്പെടുത്തി. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മുൻ ചെയർമാൻ ഡോ. ഉമ്മൻ വി ഉമ്മൻ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് നടന്ന വിവിധ സെഷനുകളിൽ ഡോ. എ. ബിജുകുമാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷൻസ്റ്റഡീസ് മാനേജ്മെന്റ് സെന്ററിലെ ഡോ. രാജീവ് രാഘവൻ, ഡോ. അൻവർ അലി പി. എച്ച്., എന്നിവർ പങ്കെടുത്തു. വംശനാശ ഭീഷണി നേരിടുന്ന മത്സ്യങ്ങളെ സംരക്ഷിക്കുമ്പോൾ നാം നേരിടുന്ന വെല്ലുവിളികളെ കുറിച്ച് ജർമ്മനിയിലെ ബെർലിൻ നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തിലെ ഡോ. ജോർജ് ഫ്രഹോഫ് ക്ലാസ് എടുത്തു. സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാൻ ഡോ. എൻ. അനിൽകുമാറിന്റെ അധ്യക്ഷതയിൽ നടന്ന പാനൽ ഡിസ്കഷനിൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ബെൻസൺ കെ., ഡോ. എസ്. എം. റാഫി, ഡോ. പ്രമോദ് കിരൺ ആർ. ബി., ഡോ. മിഥുൻ സുകുമാരൻ, ഡോ. കുര്യൻ മാത്യു എബ്രഹാം, ഡോ. ഉമ്മൻ വി. ഉമ്മൻ, കുഫോസിലെ ഡോ. രാജീവ് രാഘവൻ, ഡോ. അൻവർ അലി എന്നിവർ പങ്കെടുത്തു. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിലെ പ്രിൻസിപ്പൽ സയന്റിഫിക് ഓഫീസർ ഡോ. സി. എസ്. വിമൽ കുമാർ നന്ദി പറഞ്ഞു.

## പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വികസനത്തിന് സർക്കാർ പ്രതിജ്ഞാബദ്ധം : മന്ത്രി ഒ ആർ കേളു

**തിരുവനന്തപുരം:** പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങളുടെ വികസനത്തിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും അതുമായി ബന്ധപ്പെട്ട പദ്ധതികൾ കൃത്യമായി വിലയിരുത്തി മുന്നോട്ടുപോവുകയാണെന്നും പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസനവകുപ്പ് മന്ത്രി ഒ ആർ കേളു പറഞ്ഞു. ഹോട്ടൽ ഗ്രാന്റ് ചൈത്രത്തിൽ നടന്ന പട്ടികജാതി മേഖലയിലെ സംഘടനാ പ്രതിനിധികളുമായുള്ള യോഗത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ വേഗത്തിലും സുതാര്യമായും നടപ്പാക്കും. വിവിധ ഓഫീസുകളിലെ വിവരങ്ങൾ പൊതുജനങ്ങൾക്ക് തടസമില്ലാതെ ലഭിക്കുന്നു എന്ന് ഉറപ്പാക്കും. ഒഡെപെക് മുഖേന വിദേശത്ത് പോകുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭ്യമാക്കുന്നതിന് കൃത്യമായ നടപടിക്രമങ്ങളുണ്ട്. അത് ഉപയോഗപ്പെടുത്തണം. ജാതി സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് റവന്യു വകുപ്പുമായി ചർച്ച നടത്തി ഏകീകരിച്ച സംവിധാനമുണ്ടാക്കും. വിദ്യാർത്ഥികൾക്കുള്ള കോഴ്സുകളിൽ തൊഴിലധിഷ്ഠിത നൂതന സാങ്കേതിക വിഷയങ്ങൾ ഉൾപ്പെടുത്തുമെന്നും ഭവനനിർമ്മാണത്തിനുള്ള സ്കീമുകളിൽ തുക വർധിപ്പിക്കുന്നത് പരിശോധിക്കുമെന്നും മന്ത്രി പറഞ്ഞു.

പട്ടികജാതി വികസനവകുപ്പ് ഡയറക്ടർ ഡി. ധർമ്മലശ്രീ സ്വാഗതം ആശംസിച്ചു. എഴുപത്തി മൂന്ന് സംഘടനകളുടെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു വിഷയങ്ങൾ അവതരിപ്പിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ബോധവൽക്കരണ ശിൽപശാല നടത്തി



**കൊച്ചി:** കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ സി എ ആർ സിഫ്റ്റ് സമുദ്രവിഭവ സംസ്കരണം, പാക്കേജിംഗ്, മൽസ്യ മാലിന്യ സംസ്കരണം, മൽസ്യസംസ്കരണത്തിന് ഉപയോഗിക്കുന്ന മെഷിനറികൾ എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണ ശിൽപശാല ഇന്ന് സിഫ്റ്റിൽ സംഘടിപ്പിച്ചു. കേരള സർക്കാരിന്റെ കീഴിലുള്ള സംസ്ഥാന ദാരിദ്ര്യ നിർമാർജന മിഷനായ കുടുംബശ്രീയിലെ കോർഡിനേറ്റർമാർക്കാണ് ശിൽപശാല സംഘടിപ്പിച്ചത്.

സമുദ്രവിഭവ സംസ്കരണ സാങ്കേതിക വിദ്യകൾ, മൂല്യവർദ്ധന രീതികൾ, നൂതന പാക്കേജിംഗ് വിദ്യകൾ, സുസ്ഥിരമായ മൽസ്യ മാലിന്യ വിനിയോഗം എന്നീ വിഷയങ്ങളിൽ ശില്പശാലയിൽ പങ്കെടുക്കുന്നവർക്ക് സമഗ്രമായ അറിവ് നൽകുക എന്നതാണ് ബോധവൽക്കരണ പരിപാടിയുടെ ലക്ഷ്യം. സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ്ജ് നൈനാൻ ശിൽപശാല ഉദ്ഘാടനം ചെയ്തു. മത്സ്യബന്ധന മേഖലയിൽ സുസ്ഥിരമായ സമുദ്രോത്പന്ന സംസ്കരണത്തിന്റെയും പാക്കേജിംഗിന്റെയും പ്രാധാന്യത്തെ കുറിച്ച് സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ്ജ് നൈനാൻ സംസാരിച്ചു.

മൽസ്യ സംസ്കരണവും മൂല്യവർദ്ധിത ഉത്പന്നങ്ങളും, സമുദ്രവിഭവ സംസ്കരണവും പാക്കേജിംഗും, മത്സ്യ സംസ്കരണത്തിനുള്ള യന്ത്രങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ സിഫ്റ്റിലെ ശാസ്ത്രജ്ഞരായ ഡോ. യു. പാർവതി, ഡോ. രമ്യ എസ്, ഡോ. ബിൻസി പി.കെ, ഡോ. മുരളി എസ്., ശ്രീ. എസ്. ശ്രീജിത്ത്, എന്നിവർ സെഷനുകൾ എടുത്തു.

കുടുംബശ്രീ മിഷനിൽ നിന്ന് സംസ്ഥാന പ്രോഗ്രാം മാനേജർമാർ, സംസ്ഥാന അസിസ്റ്റന്റ് പ്രോഗ്രാം മാനേജർമാർ, ജില്ലാ പ്രോഗ്രാം മാനേജർമാർ എന്നിവരുൾപ്പെടെ 45 പേർ ശിൽപശാലയിൽ പങ്കെടുത്തു. ഡോ. ബിന്ദു ജെ, ഐസിഎആർസിഫ്റ്റിലെ ഫിഷ് പ്രോസസിംഗ് വിഭാഗം മേധാവി, ഡോ. റാണ രാജ് വി.ആർ, കുടുംബശ്രീയിലെ പ്രോഗ്രാം ഓഫീസർ (മൃഗസംരക്ഷണം) എന്നിവർ ഉദ്ഘാടന ചടങ്ങിൽ സംസാരിച്ചു.

സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കുടുംബശ്രീ മിഷനും ഐ സി എ ആർ സിഫ്റ്റും തമ്മിൽ സാങ്കേതികവിദ്യ കൈമാറുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും വേണ്ടിയുള്ള ധാരണാപത്രത്തിന്റെ മുന്നോടിയാണ് ഈ ശിൽപശാല. നൂതന പരിശീലനത്തിലൂടെയും സാങ്കേതിക പിന്തുണയിലൂടെയും കുടുംബശ്രീ അംഗങ്ങളെ ശാക്തീകരിക്കുന്നതിനും കേരളത്തിലെ സമുദ്രോത്പന്ന സംസ്കരണ വ്യവസായത്തിൽ നൂതനത്വവും സുസ്ഥിരതയും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള സുപ്രധാന ചുവടുവെപ്പാണ് ഈ ബോധവൽക്കരണ ശില്പശാല.

# എയ്റോബിക്സ്, യോഗ; 1200 വിദ്യാർത്ഥികൾ മാനാഞ്ചിറ സ്ക്വയറിൽ ഒത്തുചേരുന്നു

**കോഴിക്കോട്:** ജില്ലാ പഞ്ചായത്തിന്റെ സമഗ്ര വിദ്യാഭ്യാസ പദ്ധതിയായ പുലർകാലം പദ്ധതിയിൽ ഈ വർഷം അംഗങ്ങളായ 1200 വിദ്യാർത്ഥികൾ ജനപ്രതിനിധികൾക്കൊപ്പം ഫെബ്രുവരി 8 ന് രാവിലെ 7.30 ന് മാനാഞ്ചിറ സ്ക്വയറിൽ എയ്റോബിക്സ്, യോഗ, വായനക്കൂട്ടം എന്നിവ സംഘടിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസത്തിന്റെ മേന്മ ഉയർത്തിപ്പിടിച്ച് വിദ്യാഭ്യാസത്തോടൊപ്പം ആരോഗ്യപരമായ വളർച്ചയും എന്ന മുദ്രാവാക്യം ഉയർത്തിയാണ് വിദ്യാർത്ഥികൾ പുലർകാല സംഗമത്തിൽ പങ്കാളികളാവുന്നത്. വിദ്യാഭ്യാസ ഗുണമേന്മ ഉയർത്തുന്ന പ്രവർത്തനങ്ങൾക്ക് പൂർണമായും സജ്ജരാണെന്ന് പ്രഖ്യാപിക്കുന്ന പരിപാടി കേരള ചരിത്രത്തിൽ പുതിയ ഏടായി മാറുമെന്നും ജില്ലയിലെ 45 വിദ്യാലയങ്ങളിൽ നടപ്പാക്കുന്ന പുലർകാലം പദ്ധതി

ഈ വർഷം താൽപ്പര്യപ്പെടുന്ന മറ്റ് വിദ്യാലയങ്ങളിലേക്കും വ്യാപിപ്പിക്കുമെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശി പറഞ്ഞു.

വിദ്യാർത്ഥികളുടെ മാനസിക ആരോഗ്യ വികാസത്തിനായുള്ള പുലർകാലം പദ്ധതിയുടെ ഭാഗമായാണ് ഈ വർഷം പദ്ധതിയിൽ അംഗമായ 1200 വിദ്യാർത്ഥികൾ ഒത്തുചേരുന്നത്. ജില്ലയിലെ മന്ത്രിമാർ, എംഎൽഎമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്, മെമ്പർമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, എഡിഎം, പോലീസ് ഓഫീസർമാർ, വിദ്യാഭ്യാസ ഓഫീസർമാർ, പ്രിൻസിപ്പാൾമാർ, പ്രഥമാധ്യാപകർ, പിടിഎ ഭാരവാഹികൾ തുടങ്ങിയവരും കുട്ടികളോടൊപ്പം അണിചേരും.

# കരകൗശലരംഗം ഇനിയും മുന്നേറണം, വിപണി കൂടുതൽ ശക്തിപ്പെടുത്തണം: മന്ത്രി പി രാജീവ്

**തിരുവനന്തപുരം:** കരകൗശല രംഗത്ത് ഇനിയുമേറെ മുന്നോട്ടുപോകാനുണ്ടെന്നും വിപണി കുറേകൂടി ശക്തിപ്പെടുത്തേണ്ടതുണ്ടെന്നും നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി പി രാജീവ് പറഞ്ഞു. സംസ്ഥാന കരകൗശല അവാർഡ് (2023) വിതരണ ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

വിപണി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടിയാണ് 'കെഷോപ്പി' തുടങ്ങിയിട്ടുള്ളത്. ഹാൻഡിക്രാഫ്റ്റ്സ് കോർപറേഷന്റെ ഉൽപ്പന്നങ്ങളെല്ലാം കെഷോപ്പിയിൽ ലഭ്യമാണ്. കൈത്തറി, കൊയർ, ഖാദി ഉൽപ്പന്നങ്ങളെല്ലാം തന്നെ കെഷോപ്പിയിൽ ലഭ്യമാണ്.കേരളത്തിന്റെ വ്യവസായ വികസനത്തിന്റെ ഒരു സവിശേഷത എല്ലാവരെയും ഉൾകൊള്ളുന്ന വ്യവസായവൽക്കരണമാണെന്ന് മന്ത്രി പറഞ്ഞു. പരമ്പരാഗത മേഖലയെ ആധുനികവൽക്കരിച്ചു ശക്തിപ്പെടുത്താൻ നമ്മൾ ശ്രമിക്കുന്നു. എം.എസ്.എം.ഇകൾക്ക് സവിശേഷമായ പ്രാധാന്യം കൊടുത്തു. നമുക്ക് ചുരുങ്ങിയ കാലം കൊണ്ട് മൂന്നരലക്ഷത്തോളം പുതിയ എം.എസ്.എം.ഇകൾ കേരളത്തിൽ ആരംഭിക്കാൻ കഴിഞ്ഞു. എം.എസ്.എം.ഇകളുടെ ഉൽപ്പന്നങ്ങളുടെയും പാരമ്പരാഗത ഉൽപ്പന്നങ്ങളുടെയുമെല്ലാം വിപണനം ഇപ്പോൾ കെ സ്റ്റോർ വഴി സാധ്യമാണ്. ഒപ്പം പൊതുമേഖലാ സ്ഥാപനങ്ങൾ ആധുനികവൽക്കരിച്ച് മത്സരാധിഷ്ഠിതമാക്കി ലാഭകരമാക്കാനുള്ള പ്രവർത്തനവും സർക്കാർ നടത്തിവരികയാണെന്ന് മന്ത്രി പറഞ്ഞു. സമ്മാനാർഹരായ എല്ലാവർക്കും മന്ത്രി അഭിനന്ദനങ്ങളറിയിച്ചു. സംസ്ഥാനത്ത് കരകൗശല വ്യവസായം വികസിപ്പിക്കുന്നതിനും കരകൗശല വിദഗ്ധർക്ക് ആവശ്യമായ പ്രോത്സാഹനം നൽകുന്നതിനുമായി കേരളത്തിലെ കരകൗശല മേഖലയിലെ വിദഗ്ദ്ധരിൽ മികവുള്ളവരെ കണ്ടെത്തി കേരള സംസ്ഥാന സർക്കാർ 2015 മുതൽ കരകൗശല അവാർഡ് നൽകി വരുന്നു. കരകൗശല വിദഗ്ധരുടെ മികച്ച സംഭാവനകൾ, കരകൗശല വൈദഗ്ധ്യം, കരകൗശല വികസനം എന്നിവ കണക്കിലെടുത്താണ് അവാർഡുകൾ നൽകുന്നത്. ദാരുശിൽപങ്ങൾ, പ്രകൃതിദത്ത നാരുകളിൽ തീർത്ത ശിൽപങ്ങൾ, ചൂരൽ, മുള എന്നിവയിൽ തീർത്ത ശിൽപങ്ങൾ, ചരട്, നാട, കസവ് ഇവ ഉപയോഗിച്ചുള്ള ചിത്രത്തുന്നൽ, ലോഹ ശിൽപങ്ങൾ, ചിരട്ട ഉപയോഗിച്ച് നിർമ്മിച്ച ശിൽപങ്ങൾ, വിവിധ വസ്തുക്കളിൽ നിർമ്മിച്ചവ (മുകളിൽ ഉൾപ്പെടാത്തവ) എന്നീ ഏഴ് വിഭാഗങ്ങളിലായാണ് പുരസ്കാരം നല്കുന്നത്. ഉപയോഗപ്രദവും, സൗന്ദര്യാത്മകവും, കലാപരവും, ക്രിയാത്മകവും, പരമ്പരാഗതവും, സാംസ്കാരിക പ്രാധാന്യമുള്ളതുമായ കരകൗശല ഉത്പന്നങ്ങളെ കണ്ടെത്തുന്നതിലൂടെ പ്രസ്തുത മേഖലയെ കൂടുതൽ മികവുറ്റതാക്കുന്നതിനും കരകൗശല വിദഗ്ധരെ സഹായിക്കുന്നതിനും പ്രോത്സാ ഹിപ്പിക്കുന്നതിനും സാധിക്കുന്നു.




കോഴിക്കോട് ആസ്റ്റർ മിംസ് ഒങ്കോളജി വിഭാഗത്തിന്റെ ഇരുപതാം വാർഷികത്തോടനുബന്ധിച്ച് കാൻസറിനെ അതിജീവിച്ചവർ 'ടുഗതർ വീ കാൻ' കാമ്പയിന് തുടക്കം കുറിച്ചപ്പോൾ

# കാൻസറിനെതിരെ പൊരുതാം ടുഗതർ വീ കാൻ കാമ്പയിനു തുടക്കം

**കോഴിക്കോട്:** കാൻസർ വരാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കാനും, നേരത്തെ തിരിച്ചറിഞ്ഞ് അവയെ നിയന്ത്രിക്കാനും ആവശ്യമായ മെഡിക്കൽ സഹായത്തിനും വേണ്ടി കോഴിക്കോട് ആസ്റ്റർ മിംസ് ആശുപത്രിയുടെ നേതൃത്വത്തിൽ 'നമുക്കൊരുമിച്ചു കാൻസറിനെതിരെ പൊരുതാം' എന്ന സന്ദേശത്തോടെ ലോക കാൻസർ ദിനത്തോട് അനുബന്ധിച്ച് ഒരു വർഷം നീണ്ടുനിൽക്കുന്ന 'ടുഗതർ വീ കാൻ' കാമ്പയിൻ ആരംഭിച്ചു. ഒങ്കോളജി വിഭാഗത്തിന്റെ ഇരുപതാം വാർഷികത്തോടനുബന്ധിച്ച് നടന്ന കാൻസറിനെ അതിജീവിച്ചവരുടെ സംഗമം ആസ്റ്റർ മിംസ് സി എം എസ് ഡോ. എബ്രഹാം മാമൻ ഉദ്ഘാടനം ചെയ്തു. നിരവധി കാരണങ്ങളാൽ പല കാൻസർ രോഗികളും അവസാന സ്റ്റേജുകളിലാണ് ചികിത്സയ്ക്കായി ആശുപത്രികളിൽ എത്തുന്നതെന്നും അപ്പോഴേയ്ക്കും രോഗം ഗുരുതരമാകുകയും മരണത്തിൽ കലാശിക്കുകയും ചെയ്യുമെന്നും മെഡിക്കൽ ഒങ്കോളജി വിഭാഗം മേധാവി ഡോ. കെ വി ഗംഗാധരൻ പറഞ്ഞു . പല കാൻസറുകളും വളരെ നേരത്തെ കണ്ടെത്തി ചികിത്സ തേടിയാൽ ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.ഡോ.ശ്രീലേഷ്, ഡോ.അരുൺ ചന്ദ്രശേഖരൻ,ഡോ.സലീം,ഡോ.ഫഹീം അഹമ്മദ്, ഡോ. അബ്ദുള്ള ,ഡോ.സതീഷ്,ഡോ.അബ്ദുൽ മാലിക്,ഡോ.സജ്ന, ഡോ. ശ്വേത, ഡോ.സജിത് ബാബു, ഡോ.മിഹിർ മോഹനൻ, ഡോ. സുദീപ് വാനിയത്,ഡോ.ശ്രീരാജ് രാജൻ,ഡോ.കേശവൻ തുടങ്ങിയവർ ചടങ്ങിന് നേതൃത്വം നൽകി.

# സൺഡേസ്കൂൾ പ്രവേശനോത്സവവും മോട്ടിവേഷൻ ക്ലാസും നടത്തി

**മുവാറ്റുപുഴ :** റാക്കാട് സെൻറ് മേരീസ് ജേക്കബൈറ്റ് സിറിയൻ കത്തീഡ്രൽ നേർച്ച പള്ളിയിൽ സെൻറ് മേരിസ് സൺഡേ സ്കൂളിൻറെ പ്രവേശനോത്സവവും മോട്ടിവേഷൻ ക്ലാസും, വാർഷിക പരീക്ഷയിൽ ഡിസ്ട്രിക്ട് ഭദ്രാസന തലങ്ങളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ആദരിക്കലും നടത്തി. വികാരി ഫാ. ജോബി വർഗീസ് അധ്യക്ഷത വഹിച്ചു. സഭാ വർക്കിംഗ് കമ്മിറ്റി മെമ്പർ ജെയ്സ് ജോൺ ഉദ്ഘാടനം നിർവഹിച്ചു. ഫാദർ ഗീവർഗീസ് പൂക്കുന്നേൽ അവാർഡ് ജേതാക്കളെ അനുമോദിച്ചു. ട്രസ്റ്റിമാരായ ഡോ. ഷിജു തോമസ്, റ്റി. വി. തോമസ്, മേഖല സെക്രട്ടറി പോൾ സി. വർഗീസ്, ഹെഡ്മാസ്റ്റർ എൻ. സി. പൗലോസ്, അന്നമ്മ ജോസഫ്, ഡോ. ജോർജുകുട്ടി എസ്. മംഗലത്ത്, കെ. കെ. ജോമോൻ, ഷിബു തോമസ് എന്നിവർ പ്രസംഗിച്ചു.

# കേരള രാജ്യാന്തര ഊർജ മേളയ്ക്ക് ഇന്ന് തുടക്കം

**തിരുവനന്തപുരം:** കേരള സർക്കാർ ഊർജ വകുപ്പിന് കീഴിലുള്ള എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഇന്റർനാഷണൽ എനർജി ഫെസ്റ്റിവലിന് (ഐ ഇ എഫ് കെ) തിരുവനന്തപുരത്ത്ഇന്ന് തുടക്കമാകും. വൈദ്യുതി വകുപ്പ് മന്ത്രി കെ കൃഷ്ണൻകുട്ടി തൈക്കാട് പോലീസ് മൈതാനിയിൽ ഉച്ചക്ക് 2 മണിക്ക് മേളയുടെ ഉദ്ഘാടനം നിർവഹിക്കും. ചടങ്ങിൽ സംസ്ഥാന ഊർജ സംരക്ഷണ അവാർഡുകളുടെ വിതരണം മന്ത്രി നിർവഹിക്കും. ആന്റണി രാജു എം എൽ എ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ എനർജി മാനേജ്മന്റ് സെന്റർ ഡയറക്ടർ ഡോ.ആർ ഹരികുമാർ സ്വാഗതമാശംസിക്കും. ഊർജ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി കെ ആർ ജ്യോതിലാൽ മുഖ്യ പ്രഭാഷണവും പുസ്തക പ്രകാശനവും നടത്തും. കെ എസ് ഇ ബി എൽ മാനേജിങ് ഡയറക്ടറും ചെയർമാനുമായ ബിജു പ്രഭാകർ, നവകേരളം കർമ പദ്ധതി കോർഡിനേറ്റർ ടി എൻ സീമ, ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി ഡയറക്ടർ പ്രവതനളിനി സമൽ, അനെർട്ട് സി ഇ ഒ നരേന്ദ്രനാഥ് വേലുരി, സംസ്ഥാന ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ജി വിനോദ്, തിരുവനന്തപുരം കോർപറേഷൻ കൗൺസിലർ ജി മാധവദാസ് എന്നിവർ ചടങ്ങിൽ സംബന്ധിക്കും. എനർജി മാനേജ്മെന്റ് സെന്റർ രജിസ്ട്രാർ സുഭാഷ് ബാബു ബി വി ചടങ്ങിന് നന്ദി അറിയിക്കും.കാർബൺ രഹിത കേരളം എന്ന പ്രമേയത്തിലാണ് ഈ വർഷത്തെ മേള സംഘടിപ്പിക്കുന്നത്. ഊർജ കാര്യക്ഷമത ഉറപ്പുവരുത്തുക, കാർബൺ ബഹിർഗമനം കുറയ്ക്കുക, ഊർജ സംരക്ഷണ പ്രവർത്തനങ്ങളിൽ ആഗോള സഹകരണം ശക്തമാക്കുക എന്നിവയാണ് ഈ വർഷത്തെ ഊർജ മേളയുടെ പ്രധാന ലക്ഷ്യം.

# ഇലക്ട്രിക് വാഹന വിപണനരംഗത്ത് കേരളത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തും: മന്ത്രി പി. രാജീവ്

## ഓട്ടോമോട്ടീവ് ടെക്നോളജി സമ്മിറ്റിന് തുടക്കമായി

**തിരുവനന്തപുരം:** ഇലക്ട്രിക് വാഹന വിപണിയിലെ കേരളത്തിന്റെ മുന്നേറ്റം ആ മേഖലയിലെ കൂടുതൽ സംരംഭങ്ങൾ തുടങ്ങുന്നതിന് കാരണമാകുമെന്ന് പ്രതീക്ഷിക്കുന്നതായി വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് അഭിപ്രായപ്പെട്ടു. ഓട്ടോമോട്ടീവ് ടെക്നോളജി സമ്മിറ്റ് തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽ നടന്ന ചടങ്ങിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ടാറ്റയുടെ ഇലക്ട്രിക് കാർ വിപണനത്തിന്റെ 20 ശതമാനവും കേരളത്തിലാണ് നടക്കുന്നതെന്ന കണക്ക് ഇലക്ട്രിക് വാഹന വിപണിയിലെ മുന്നേറ്റം കാണിക്കുന്നു. നാലിലൊരു കുടുംബത്തിന് നിലവിൽ കാറുള്ള സംസ്ഥാനമാണ് കേരളം.

തിരുവനന്തപുരത്തെ കേരളത്തിന്റേയും രാജ്യത്തിന്റേയും ഓട്ടോമോട്ടീവ് വ്യവസായങ്ങളുടെ ഹബ്ബാക്കി മാറ്റുക എന്നതാണ് സർക്കാർ നയം. ഇതിന്റെ ഭാഗമായി സംസ്ഥാന സർക്കാരും കോൺഫഡറേഷൻ ഓഫ് ഇൻഡസ്ട്രിയും സംയുക്തമായി എക്സ്പോ സംഘടിപ്പിക്കുന്നത്. ഇൻവെസ്റ്റ് കേരള സമ്മിറ്റിന്റെ ഭാഗമായി നിരവധി കോൺക്ലേവുകളും ചർച്ചകളും സംഘടിപ്പിച്ചു.

ആദ്യ ജെൻ എഐ കോൺക്ലേവ്, ആയുർവേദം, മാരിടൈം, ഐടി തുടങ്ങിയ വിവിധ വിഷയങ്ങളിൽ ചർച്ചകളും പൂർത്തിയായി. ദാവോസിൽ നടത്തിയ സന്ദർശനത്തിൽ 70 ബിസിനസ് ചർച്ചകളാണ് നടത്തിയത്. ലോകത്തിലെ ഏറ്റവും മികച്ച നിക്ഷേപ സൗഹൃദ സാഹചര്യമുള്ള ഇടമായി കേരളം മാറി. ആരോഗ്യം, വിദ്യാഭ്യാസം, ഭരണനിർവഹണം തുടങ്ങിയ മേഖലകളിൽ സുസ്ഥിരമായ പ്രകടനത്തോടെ രാജ്യത്ത് ഒന്നാം സ്ഥാനത്താണ് കേരളം തുടരുന്നത്. കേരളത്തിന്റെ നൈപുണ്യശേഷി ഓട്ടോമോട്ടീവ് മേഖലയിൽ ഉപയോഗിക്കാൻ നിക്ഷേപകർക്ക് കഴിയുന്ന സാഹചര്യവും നിലവിലുണ്ട്.

സുരക്ഷിതത്വവും കൃത്യതയും ഉറപ്പാക്കുന്ന സോഫ്റ്റ്‌വെയർ സഹായത്തോടെയുള്ള ഇലക്ട്രിക് വാഹനങ്ങളുടെ സാധ്യതകൾ സംസ്ഥാനം തിരിച്ചറിയുന്നു.

ലോകത്തെ തന്നെ സിമുലേഷൻ ആൻഡ് വാലിഡേഷൻ മേഖലയിൽ ലോകത്തെ തന്നെ ഏറ്റവും പ്രധാനപ്പെട്ട കമ്പനിയായ ഡി സ്പേസ്, മുൻനിരവാഹന കമ്പനിയായ ആക്സിയ ടെക്നോളജീസ്, നിസാൻ ഡിജിറ്റൽ, വിസ്റ്റിയോൺ, ടാറ്റ എലക്സി തുടങ്ങിയ നിരവധി കമ്പനികൾ തിരുവനന്തപുരത്ത് പ്രവർത്തനമാരംഭിച്ചു.

ഇലക്ട്രിക് വാഹന നയത്തിനനുസൃതമായി സംസ്ഥാന സർക്കാർ മുന്നോട് പോവുകയാണെന്നും സുരക്ഷിതമായ നിക്ഷേപത്തിനും വ്യവസായ സഹകരണത്തിനും കേരളം ഒപ്പമുണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

ഏകജാലക സംവിധാനത്തിലൂടെ നടപടിക ക്രമങ്ങളിൽ വേഗതയും വ്യവസായ, നിക്ഷേപ സൗഹൃദ സാഹചര്യവും സൃഷ്ടിക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞതായി റവന്യൂ മന്ത്രി കെ. രാജൻ അഭിപ്രായപ്പെട്ടു.

വ്യവസായത്തിന് അനുയോജ്യമായ പരിസ്ഥിതി സൗഹൃദ ഇക്കോസിസ്റ്റം രൂപപ്പെടുത്തി കഴിഞ്ഞു. ഭാവിയിൽ ഗതാഗത മേഖലയിൽ സാങ്കേതിക വിദ്യയുടെ സാഹചര്യം തിരിച്ചറിഞ്ഞ്, മാലിന്യമുക്തവും സുസ്ഥിരവുമായ വാഹനങ്ങൾ നിർമിക്കാൻ ഓട്ടോമേറ്റീവ് ടെക്നോളജിയിലൂടെ സാധിക്കട്ടെയെന്നും മന്ത്രി പറഞ്ഞു.

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, വ്യവസായ വകുപ്പ് ഡയറക്ടർ എസ് ഹരികിഷോർ, സി.ഐ.ഐ കേരള സ്റ്റേറ്റ് കൗൺസിൽ ചെയർമാൻ വിനോദ് മഞ്ഞില, സി.ഐ.ഐ കാറ്റ്സ് ചെയർമാൻ സ്റ്റെഫാൻ ജുറാഷെക്, കെ.പി.എം.ജി ഇൻഡ്യ പാട്ണർ വിനോദ് കുമാർ ആർ, ബി.എം.ഡബ്ല്യു ടെക്‌വർക്സ് ഇന്ത്യ സി.ഇ.ഒ ആദിത്യ ഖേര, മെഴ്സിഡൻസ് ഇന്ത്യ എംഡി സന്തോഷ് അയ്യർ, സി.ഐ.ഐ കാറ്റ്സ് കോ ചെയർമാൻ ജിജിമോൻ ചന്ദ്രൻ എന്നിവർ സംബന്ധിച്ചു.

# ശൈലി 2: രണ്ടാം ഘട്ടത്തിൽ 1 കോടി ജനങ്ങളുടെ സ്ക്രീനിംഗ് നടത്തി

**തിരുവനന്തപുരം:** ജീവിതശൈലീ രോഗങ്ങൾ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ആർദ്രം ആരോഗ്യം ജീവിതശൈലി രോഗനിർണയ സ്ക്രീനിംഗിന്റെ രണ്ടാം ഘട്ടത്തിൽ 1 കോടിയിലധികം ജനങ്ങളുടെ സ്ക്രീനിംഗ് നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആദ്യ ഘട്ടത്തിൽ 30 വയസിന് മുകളിൽ പ്രായമുള്ള 1.54 കോടിയിലധികം പേരുടെ സ്ക്രീനിംഗ് പൂർത്തിയാക്കി രോഗസാധ്യത കണ്ടെത്തിയവർക്ക് തുടർ ചികിത്സ ഉറപ്പാക്കിയ ശേഷമാണ് രണ്ടാം ഘട്ടം നടപ്പിലാക്കുന്നത്. നവകേരളം കർമ്മപദ്ധതി രണ്ട് ആർദ്രം മിഷന്റെ 10 പദ്ധതികളിൽ പ്രധാനമാണ് ജീവിതശൈലീ രോഗ പ്രതിരോധവും കാൻസർ പ്രതിരോധവും. ആദ്യഘട്ട സ്ക്രീനിംഗിൽ ഏകദേശം 9 ലക്ഷത്തോളം ആളുകൾക്കും രണ്ടാം ഘട്ട സ്ക്രീനിംഗിൽ 2 ലക്ഷത്തിലധികം ആളുകൾക്കും കാൻസർ സാധ്യത കണ്ടെത്തി. ഇത്തരത്തിൽ കണ്ടെത്തിയ ആളുകളിൽ ആദ്യഘട്ടത്തിൽ 1.5 ലക്ഷം ആളുകളും രണ്ടാം ഘട്ടത്തിൽ 40,000 പേരും മാത്രമാണ് തുടർ പരിശോധനയ്ക്ക് തയ്യാറായത്. സ്ക്രീനിംഗിൽ കണ്ടെത്തിയ ഭൂരിപക്ഷം പേരും കാൻസർ തുടർ പരിശോധനയ്ക്ക് സന്നദ്ധമാകുന്നില്ല എന്ന് കണ്ടെത്തിയിരുന്നു. ഇതിനെ തുടർന്നാണ് ആരോഗ്യ വകുപ്പ് പൊതുജന പങ്കാളിത്തത്തോടെ കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി ആരോഗ്യം ആനന്ദംഅകറ്റാം അർബുദം ജനകീയ കാൻസർ ക്യാമ്പയിൻ ആരംഭിച്ചതെന്നും മന്ത്രി വ്യക്തമാക്കി.

ഓരോ വ്യക്തിയ്ക്കും വാർഷിക ആരോഗ്യ പരിശോധന നടത്തി രോഗാതുരത കുറയ്ക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. അതിനാൽ ഒന്നാം ഘട്ട സ്ക്രീനിംഗിൽ പങ്കെടുത്തവരെ കൂടി ഉൾക്കൊള്ളിച്ചാണ് രണ്ടാം ഘട്ട സ്ക്രീനിംഗ് നടത്തുന്നത്. ശൈലി ഒന്നാം ഘട്ടത്തിൽ രക്താതിമർദം, പ്രമേഹം, കാൻസർ, ടിബി, ശ്വാസകോശ രോഗങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകിയപ്പോൾ രണ്ടാം ഘട്ടത്തിൽ ഈ രോഗങ്ങൾക്കൊപ്പം കുഷ്ഠ രോഗം, മാനസികാരോഗ്യം, കാഴ്ചാ പ്രശ്നം, കേൾവി പ്രശ്നം, വയോജന ആരോഗ്യം എന്നിവയ്ക്കും പ്രാധാന്യം നൽകുന്നു. സ്ക്രീനിംഗിൽ രോഗസാധ്യതയുണ്ടെന്ന് കണ്ടെത്തുന്നവരെ വിദഗ്ധ പരിശോധനയ്ക്ക് വിധേയമാക്കി ചികിത്സ ഉറപ്പാക്കി വരുന്നതായും മന്ത്രി വ്യക്തമാക്കി.

ശൈലി രണ്ട് വാർഷിക ആരോഗ്യ പരിശോധനയുടെ ഭാഗമായി 1 കോടിയിലധികം പേരുടെ സ്ക്രീനിംഗ് നടത്തിയതിൽ 44.85 ശതമാനം പേർക്ക് ജീവിതശൈലീ രോഗ സാധ്യതയുള്ളതായി കണ്ടെത്തി. നിലവിൽ രക്താതിമർദം മാത്രമുള്ള 13,39,455 പേരുടേയും പ്രമേഹം മാത്രമുള്ള 8,85,051 പേരുടേയും ഇവ രണ്ടുമുള്ള 6,01,958 പേരുടേയും ആരോഗ്യ സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തി. കാൻസർ സാധ്യതയുള്ള 2,03,506 പേരെ കണ്ടെത്തി തുടർ പരിശോധനയ്ക്കായി റഫർ ചെയ്തു. 39,889 പേരെ വായിലെ കാൻസറും 1,25,985 പേരെ സ്തനാർബുദവും 45,436 പേരെ ഗർഭാശയഗള കാൻസറും സംശയിച്ചാണ് റഫർ ചെയ്തത്.

2,42,736 പേരെ ടിബി പരിശോധനയ്ക്കായും 3,87,229 പേരെ ശ്വാസകോശ സംബന്ധമായ പരിശോധനയ്ക്കായും റഫർ ചെയ്തു. 97,769 കിടപ്പ് രോഗികളേയും പരസഹായം ആവശ്യമുള്ള 1,61,494 പേരേയും 33,25,020 വയോജനങ്ങളേയും സന്ദർശിച്ച് ആരോഗ്യ സംബന്ധമായ വിവരങ്ങൾ ശേഖരിച്ച് തുടർ സേവനങ്ങൾ ഉറപ്പാക്കി വരുന്നു. പുതുതായി ഉൾപ്പെടുത്തിയവയിൽ 2,50,288 പേരെ കുഷ്ഠ രോഗ പരിശോധനയ്ക്കായും 30,69,087 പേരെ കാഴ്ച പരിശോധനയ്ക്കായും 4,18,385 പേരെ കേൾവി പരിശോധനയ്ക്കായും റഫർ ചെയ്തു. 2,21,230 വയോജനങ്ങൾക്ക് ആരോഗ്യ പ്രശ്നങ്ങളുള്ളതായി കണ്ടെത്തി. 1,29,753 പേരെ മാനസികാരോഗ്യ പരിശോധനയ്ക്ക് റഫർ ചെയ്തു.

ഇ ഹെൽത്ത് രൂപകല്പന ചെയ്ത ശൈലി ആപ്പിന്റെ സഹായത്തോടെ ആശാ പ്രവർത്തകർ നേരിട്ട് വീടുകളിലെത്തിയാണ് സ്ക്രീനിംഗ് നടത്തുന്നത്. രോഗസാധ്യത കണ്ടെത്തിയ വ്യക്തികളെ പരിശോധിച്ച് രോഗനിർണയം നടത്തി തുടർചികിത്സ ഉറപ്പാക്കുന്നു എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. ജീവിതശൈലീ രോഗങ്ങൾ നേരത്തേ തന്നെ കണ്ടുപിടിച്ച് ചികിത്സിക്കുന്നത് വഴി രോഗം സങ്കീർണമാകാതെ നിയന്ത്രിക്കാൻ സാധിക്കും. അതോടൊപ്പം രോഗസാധ്യത കണ്ടെത്തിയവരിൽ ജീവിതശൈലിയിൽ മാറ്റം വരുത്തിയും വ്യായാമത്തിലൂടെയും ജീവിതശൈലീ രോഗങ്ങൾ വരാതെ നോക്കാനും സാധിക്കുന്നു. ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലെ ജനകീയ ക്ലബ്ബുകൾ വഴി ജീവിതശൈലീ മാറ്റത്തിനുള്ള ഇടപടലുകൾ നടത്തുന്നു. പ്രമേഹം ഉൾപ്പെടെയുള്ള ജീവിതശൈലീ രോഗങ്ങൾ കുറയ്ക്കുന്നതിനായി ആരോഗ്യ വകുപ്പ് അന്താരാഷ്ട്ര ഡയബറ്റീസ് കോൺക്ലേവ് സംഘടിപ്പിച്ച് അതിലെ ആശയങ്ങൾ ഉൾക്കൊണ്ട് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

# ഇന്ത്യയിൽ ഓറൽ ക്യാൻസർ രോഗികളുടെ എണ്ണം വർധിക്കുന്നുവെന്ന് റിപ്പോർട്ട്

**കൊച്ചി:** ഇന്ത്യയിൽ ഓറൽ ക്യാൻസർ രോഗികളുടെ എണ്ണം വർധിക്കുന്നതായി പഠന റിപ്പോർട്ട്. വിപിഎസ് ലേക്‌ഷോറിലെ പഠനം. പുകയിലയോ മദ്യമോ ഉപയോഗിച്ചിട്ടില്ലാത്ത വ്യക്തികളിലെ ഓറൽ ക്യാൻസർ കേസുകളുടെ എണ്ണത്തിൽ ഇന്ത്യയിൽ ഗണ്യമായ വർദ്ധനവ് സംഭവിക്കുന്നുവെന്നാണ് വിപിഎസ് ലേക്‌ഷോർ ആശുപത്രിയിലെ ഹെഡ് ആൻഡ് നെക്ക് വിഭാഗത്തിന്റെ ഗവേഷണത്തിൽ കണ്ടെത്തിയിരിക്കുന്നത്. പുകയിലയോ മദ്യ ഉപയോഗമോ ക്യാൻസർ രോഗികളിൽ സാധാരണയായി കാണാറുണ്ട്, എന്നാൽ ഇപ്പോൾ ഈ ശീലങ്ങൾ ഇല്ലാത്തവരിലും ഓറൽ ക്യാൻസർ രോഗം കണ്ടെത്തുന്നത് വർദ്ധിച്ചു.ഈയടുത്ത വർഷങ്ങളിൽ കണ്ടെത്തിയ ഓറൽ ക്യാൻസർ കേസുകളിൽ 57% പേരും മുൻപ് പുകയിലയോ മദ്യമോ ഉപയോഗിച്ചിട്ടില്ലാത്ത വ്യക്തികളാണ്. പുതിയ ഡാറ്റ പ്രകാരം 61% കേസുകൾ നാവിലെ ക്യാൻസറുകളും 19% കേസുകൾ ബക്കൽ മ്യൂക്കോസയിലാണെന്നും പഠനം കാണിക്കുന്നതായി വിപിഎസ് ലേക്‌ഷോർ ആശുപത്രി മാനേജിംഗ് ഡയറക്ടർ എസ് കെ അബ്ദുള്ള പറഞ്ഞു. 3% കേസുകൾ വായയുടെ അടിഭാഗത്തും 3% താഴത്തെ ആൽവിയോളസിലും ഒരു ശതമാനം മുകളിലെ ആൽവിയോളസിലുമാണ്.2014 ജൂലൈ മുതൽ 2024 ജൂലൈ വരെയുള്ള പത്ത് വർഷത്തിനിടെ 515 രോഗികളിൽ നടത്തിയ പഠനത്തെ അടിസ്ഥാനമാക്കിയാണ് ആശുപത്രി ഈ കണ്ടെത്തൽ നടത്തിയത്.രോഗബാധിതരിൽ 75.5% പുരുഷന്മാരും 24.5% സ്ത്രീകളുമാണ്. 58.9% രോഗികളിൽ മറ്റു രോഗങ്ങളുണ്ടെന്നും, അവരിൽ 30% പേർക്ക് ഒന്നിലധികം രോഗാവസ്ഥകൾ ഉണ്ടെന്നും കണ്ടെത്തി. 41.4% രോഗികളിൽ വേറെ രോഗങ്ങൾ ഇല്ല എന്നും കണ്ടെത്തി.

282 (54.7%) രോഗികളിൽ പ്രാരംഭ ഘട്ടത്തിൽ തന്നെ രോഗനിർണയം നടത്തിയതായും 233 (45.3%) പേർക്ക് ക്യാൻസർ നിർണയം രോഗത്തിന്റെ അവസാന ഘട്ടങ്ങളിൽ നടത്തിയെന്നും പഠനം എടുത്തുകാണിച്ചു.അഡിക്ഷൻ ഉള്ള ഓറൽ ക്യാൻസർ രോഗികളിൽ, 64.03% പേർ മുൻപ് പുകയില ഉപയോഗിക്കുന്ന, പ്രത്യേകിച്ച് ചവയ്ക്കുന്ന, ശീലമുള്ളവരായിരുന്നു. കൂടാതെ, 51.2% പേർ പുകവലി ശീലമുള്ളതായും 42.3% പേർ മദ്യം ഉപയോഗിച്ചിരുന്നതായും കണ്ടെത്തി. ഈ രോഗികളിൽ 45.3% പേർക്ക് ഒന്നിലധികം ദുശ്ശീലങ്ങളുണ്ടായിരുന്നു.ഇന്ത്യയുടെ പല ഭാഗങ്ങളിലും പുകയിലയുമായി ബന്ധപ്പെട്ട അർബുദങ്ങൾ പ്രാബല്യമാണെങ്കിലും, കേരളത്തിലെ പുതിയ പ്രവണത ആശങ്കയുണ്ടാക്കുന്നതാണ്. പുകയില ഉപയോഗവുമായി ശക്തമായി ബന്ധപ്പെട്ടിരിക്കുന്ന ബക്കൽ മ്യൂക്കോസ കാൻസർ കൂടുതലായി കാണപ്പെടുന്ന മറ്റ് പ്രദേശങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, സംസ്ഥാനത്തെ 64% ഓറൽ ക്യാൻസർ കേസുകളും നാവിലെ അർബുദമാണെന്ന് ഗവേഷണങ്ങൾ സൂചിപ്പിക്കുന്നു.മുൻപ് മിക്കവാറും എല്ലാ ഓറൽ ക്യാൻസർ കേസുകളും പുകയില ഉപയോഗത്തിൽ നിന്ന് വന്നിരുന്നതാണ്. ഇപ്പോൾ സ്ഥിതി വളരെയധികം മാറി. ഓറൽ ക്യാൻസർ രോഗികളിൽ രണ്ടിൽ ഒരാൾ പുകയില ഉപയോഗിക്കാത്ത ആളാണെന്നത് ഞെട്ടിപ്പിക്കുന്നതാണെന്ന് ഗവേഷണത്തിന് നേതൃത്വം നൽകിയ വിപിഎസ് ലേക്‌ഷോർ ആശുപത്രിയിലെ ഹെഡ് ആൻഡ് നെക്ക് സർജിക്കൽ ഓങ്കോളജിസ്റ്റ് ഡോ. ഷോൺ ടി. ജോസഫ് പറഞ്ഞു.രോഗലക്ഷണമുള്ള വ്യക്തി പ്രാരംഭ ഘട്ടത്തിൽ പരിശോധനയ്ക്ക് എത്തുമ്പോൾ അർബുദ ചികിത്സ കൂടുതൽ ഫലപ്രദമാകുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. 'നിങ്ങളുടെ ശരീരത്തിൽ ചില ലക്ഷണങ്ങൾ പ്രകടമാകാം. രണ്ടാഴ്ചയ്ക്കുള്ളിൽ വായിലെ അൾസർ ഭേദമാകുന്നില്ലെങ്കിൽ അല്ലെങ്കിൽ പുരോഗമിക്കുകയാണെങ്കിൽ, അല്ലെങ്കിൽ വായിൽ ചുവപ്പ് അല്ലെങ്കിൽ വെള്ള പാടുകൾ അല്ലെങ്കിൽ തലയിലും കഴുത്തിലും അസാധാരണമായ മുഴകൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ ഡോക്ടറെ സന്ദർശിക്കണമെന്നും അദ്ദേഹം പറഞ്ഞു.വർദ്ധിച്ചു വരുന്ന ഓറൽ ക്യാൻസർ കേസുകളുടെ കൃത്യമായ കാരണങ്ങൾ ഒരു ഇനിയും കണ്ടെത്തേണ്ടതുണ്ട്. കൃത്യമായ ഉറവിടം കണ്ടെത്താൻ വിപുലമായ ഗവേഷണം ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

# അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിന് എക്സ്റ്റേണൽ ക്വാളിറ്റി മോണിറ്റർമാരുടെ പാനലിലേക്കു താല്പര്യപത്രം ക്ഷണിച്ചു. അപേക്ഷകർ സർക്കാർ സർവീസിൽ നിന്നു വിരമിച്ച സൂപ്രണ്ടിങ് എഞ്ചിനീയർമാർ ആയിരിക്കണം. എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത കാലയളവിൽ സേവനമനുഷ്ഠിച്ചിട്ടുള്ളവർക്കും അപേക്ഷിക്കാം. അപേക്ഷകർക്ക് റോഡ് നിർമ്മാണ പ്രവൃത്തികളിൽ പ്രവർത്തി പരിചയമുണ്ടായിരിക്കേണ്ടതും സേവനകാലയളവിൽ ശിക്ഷാ നടപടികൾക്ക് വിധേയരായിട്ടുണ്ടാകാൻ പാടില്ലാത്തതുമാണ്. താല്പര്യമുള്ളവർ ബയോഡാറ്റ, യോഗ്യത തെളിയിക്കുന്നതിന് സേവനമനുഷ്ഠിച്ച വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനിയർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം എന്നിവ സഹിതം ക്യൂു.രലഹഴെറ@ ഴാമശഹ.രീാ എന്ന ഇമെയിൽ വിലാസത്തിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷകന്റെ ഉയർന്ന പ്രായപരിധി 70 വയസ്സ് കവിയരുത്. അവസാന തീയതി ഫെബ്രുവരി 15.

# ആഭ്യന്തര കുറ്റവാളി




ആസിഫ് അലി നായകനായി അഭിനയിക്കുന്ന ആഭ്യന്തര കുറ്റവാളിയുടെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസ് ചെയ്തു. ചിത്രം ഈദ് റിലീസായി തിയേറ്ററുകളിലേക്കെത്തും. ചിത്രത്തിന്റെ കഥ തിരക്കഥ സംവിധാനം നിർവഹിക്കുന്നത് സേതുനാഥ് പത്മകുമാർ ആണ്. നൈസാം സലാം പ്രൊഡക്ഷൻസിന്റെ ബാനറിൽ നൈസാം സലാമാണ് ചിത്രം നിർമ്മിക്കുന്നത്.

ഡ്രീം ബിഗ് ഫിലിംസാണ് ആഭ്യന്തര കുറ്റവാളിയുടെ ഓൾ ഇന്ത്യാ വിതരണം നിർവഹിക്കുന്നത്. റിയലിസ്റ്റിക് കോമഡി ഫാമിലി എന്റർടെയിനർ ജോണറിലാണ് ആഭ്യന്തരകുറ്റവാളി ഒരുങ്ങുന്നത്. പുതുമുഖ താരം തുളസിയാണ് ചിത്രത്തിലെ നായിക. ചിത്രത്തിലെ മറ്റു പ്രധാന കഥാപാത്രങ്ങളെ ജഗദീഷ്, ഹരിശ്രീ അശോകൻ, സിദ്ധാർഥ് ഭരതൻ, അസീസ് നെടുമങ്ങാട്, ജോജി,വിജയകുമാർ, ബാലചന്ദ്രൻ ചുള്ളിക്കാട്, ആനന്ദ് മന്മഥൻ, പ്രേം നാഥ്, ശ്രേയാ രുക്മിണി, നീരജാ രാജേന്ദ്രൻ, റിനി ഉദയകുമാർ, ശ്രീജാ ദാസ് എന്നിവർ അവതരിപ്പിക്കുന്നു.ആഭ്യന്തര കുറ്റവാളിയുടെ അണിയറപ്രവർത്തകർ ഇവരാണ്. സിനിമാട്ടോഗ്രാഫർ: അജയ് ഡേവിഡ് കാച്ചപ്പള്ളി, എഡിറ്റർ: സോബിൻ സോമൻ, മ്യൂസിക്: ബിജിബാൽ, ക്രിസ്റ്റി ജോബി,ബാക്ക് ഗ്രൗണ്ട് സ്കോർ : രാഹുൽ രാജ്, ആർട്ട് ഡയറക്ടർ: സാബു റാം, പ്രൊഡക്ഷൻ കൺട്രോളർ : ജിത്ത് പിരപ്പൻകോട്, ലൈൻ പ്രൊഡ്യൂസർ: ടെസ്സ് ബിജോയ്,ഷിനാസ് അലി, പ്രൊജക്റ്റ് ഡിസൈനർ : നവീൻ ടി ചന്ദ്രബോസ്, മേക്കപ്പ് : സുധി സുരേന്ദ്രൻ, വസ്ത്രാലങ്കാരം : മഞ്ജുഷാ രാധാകൃഷ്ണൻ, ലിറിക്സ് : മനു മൻജിത്, ചീഫ് അസ്സോസിയേറ്റ് ഡയറക്ടർ: പ്രേംനാഥ്, സൗണ്ട് ഡിസൈൻ : ധനുഷ് നയനാർ, ഫിനാൻസ് കൺട്രോളർ: സന്തോഷ് ബാലരാമപുരം, അസ്സോസിയേറ്റ് ഡയറക്ടർ: സാൻവിൻ സന്തോഷ്, അരുൺ ദേവ്, സിഫാസ് അഷ്റഫ്, സ്റ്റിൽസ്: സലീഷ് പെരിങ്ങോട്ടുകര,അനൂപ് ചാക്കോ, പബ്ലിസിറ്റി ഡിസൈൻ: മാമി ജോ, പി ആർ ഓ ആൻഡ് മാർക്കറ്റിംഗ് കൺസൾട്ടന്റ് : പ്രതീഷ് ശേഖർ.

# ചാട്ടുളി 21ന്




ഷൈൻ ടോം ചാക്കോ, ജാഫർ ഇടുക്കി, കലാഭവൻ ഷാജോൺ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി രാജ് ബാബു സംവിധാനം ചെയ്യുന്ന ചാട്ടുളി ഫെബ്രുവരി ഇരുപത്തിയൊന്നിന് നവതേജ് ഫിലിംസ് പ്രദർശനത്തിനെത്തിക്കുന്നു.കാർത്തിക് വിഷ്ണു, ശ്രുതി ജയൻ, ലതാ ദാസ്, വർഷ പ്രസാദ്, തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.നെൽസൺ ഐപ്പ് സിനിമാസ്, ഷാ ഫൈസി പ്രൊഡക്ഷൻസ്, നവതേജ് ഫിലിംസ് എന്നീ ബാനറുകളിൽനെൽസൺ ഐപ്പ്, ഷാ ഫൈസി, സുജൻ കുമാർ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ചാട്ടുളി എന്ന ചിത്രത്തിന്റെ കഥ തിരക്കഥ സംഭാഷണം ജയേഷ് മൈനാഗപ്പള്ളിഎഴുതുന്നു.പ്രമോദ്. കെ. പിള്ള ഛായാഗ്രഹണം നിർവ്വഹിക്കുന്നു.

ഏങ്ങണ്ടിയൂർചന്ദ്രശേഖരൻ,ആന്റണി പോൾ,നിഖിൽ എസ് മറ്റത്തിൽ,ഫൈസൽ പൊന്നാനി എന്നിവരുടെ വരികൾക്ക് ബിജിബാൽ, രാഹുൽ രാജ് ജസ്റ്റിൻ ഫിലിപ്പോസ് എന്നിവർ സംഗീതം പകരുന്നു.എക്സിക്യൂട്ടീവ് പ്രൊഡ്യൂസർഅജു വി.എസ്. പ്രൊഡക്ഷൻ കൺട്രോളർഷാജി പട്ടിക്കര, എഡിറ്റർഅയൂബ് ഖാൻ,ബിജിഎംരാഹുൽ രാജ്,കല അപ്പുണ്ണി സാജൻ, മേക്കപ്പ് റഹിം കൊടുങ്ങല്ലൂർ,വസ്ത്രാലങ്കാരംരാധാകൃഷ്ണൻ മങ്ങാട്, അസോസിയേറ്റ് ഡയറക്ടർരാഹുൽ കൃഷ്ണ,സ്റ്റിൽസ്അനിൽ പേരാമ്പ്ര,പി ആർ ഒ എ എസ് ദിനേശ്



# മഹാരാജ ഹോസ്റ്റൽ

സജിൻ ചെറുകയിൽ, സുനിൽ സുഖദ,ആൻ മറിയ,ചിത്ര നായർ,അഖിൽ നൂറനാട്,ശരത് ബാബു,അഖിൽ ഷാ,സന്ദീപ് എസ് പി, അഭിരാമി സുരേഷ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി നവാഗതനായ ചാരു വാകൻ കഥ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന മഹാരാജ ഹോസ്റ്റൽ എന്ന ചിത്രത്തിന്റെ ചിത്രീകരണം എറണാകുളത്ത് ആരംഭിച്ചു.

നിയോ ഫിലിം സ്കൂളിൽ വെച്ച് നടന്ന പൂജ വേളയിൽ ജെയിൻ ജോസഫ് മഹാരാജ ഹോസ്റ്റലിന്റെ സ്വിച്ചോൺ നിർവ്വഹിച്ചു. സുകുമാർ തെക്കേപ്പാട്ട് ആദ്യ ക്ലാപ്പടിച്ചു.സിബി മലയിൽ,ലിയോ തദേവൂസ് തുടങ്ങിയ പ്രമുഖർ ചടങ്ങിൽ സന്നിഹിതരായിരുന്നു. മധുമിത പ്രൊഡക്ഷൻസ്,അച്ചല ക്രിയേഷൻസ് എന്നീ ബാനറുകളിൽ കരുമുറു രഘുരാമു, തേജസ്വി സുഭാഷ് നുണ,എം എസ് ചലപതി റാവു എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം അഷ്കർ അലി നിർവ്വഹിക്കുന്നു. സംഗീതംഅരുൺ തോമസ്, എഡിറ്റർനിതിഷ് മിത്ര, സംഭാഷണംരാജ, നിരഞ്ജൻ, എക്സിക്യൂട്ടിവ് പ്രൊഡ്യുസർ അഷ്കർ അലി, ലൈൻ പ്രൊഡ്യൂസർവിജയ് പിഡിപ്പ, പ്രൊജക്ട് ഡിസൈനർശശി പൊതുവാൾ, പ്രൊഡക്ഷൻ ഡിസൈനർവേലു വാഴയൂർ, മേക്കപ്പ്റഷീദ് അഹമ്മദ്, കോസ്റ്റ്യൂംസ്സരിത സുഗീത്, ആക്ഷൻഅഷറഫ് ഗുരുക്കൾ, നൃത്തം ഇംതിയാസ് അബൂബക്കർ, അഡീഷണൽ സ്ക്രീൻ പ്ലേ അഷ്കർ അലി, രാജ്, നിരഞ്ജൻ, ടൈറ്റിൽ, പബ്ലിസിറ്റി ഡിസൈൻ അജിൻ മെനകത്ത്, സൂരജ് സൂരൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർ ഡുഡു ദേവസ്സി, അസിസ്റ്റന്റ് ഡയറക്ടർ സന്ദീപ് മന്ത്രാല, റെതിൻ റാം, എ മഹാദേവൻ, ശങ്കർ കാവാനാട്ട്, ഹരീഷ് ഹംസ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് അനിൽ ജി നമ്പ്യാർ, പി ആർ ഒഎ എസ് ദിനേശ്.

# ഗെറ്റ് സെറ്റ് ബേബി 21ന്

ഉണ്ണി മുകുന്ദൻ,നിഖില വിമൽ എന്നിവരെ കേന്ദ്രകഥാപാത്രങ്ങളാക്കി വിനയ് ഗോവിന്ദ് സംവിധാനം ചെയ്യുന്ന ഗെറ്റ് സെറ്റ് ബേബി ഫെബ്രുവരി ഇരുപത്തിയൊന്നിന് ആശീർവാദ് സിനിമാസ് പ്രദർശനത്തിനെത്തിക്കുന്നു. ചെമ്പൻ വിനോദ്, ജോണി അന്റണി, ശ്യാം മോഹൻ, ദിലീപ് മേനോൻ, അഭിരാം, സുരഭി, മുത്തുമണി, സുധീഷ്, പുണ്യ എലിസബത്ത്, ഷിബില ഫറ, ദിനേശ് പ്രഭാകർ, ഭഗത് മാനുവൽ, മീര വാസുദേവ്, വർഷ രമേഷ്, ജുവൽ മേരി തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ. സ്കന്ദ സിനിമാസ്, കിംഗ്സ്മെൻ എൽ എൽ പി എന്നിവയുടെ ബാനറിൽ സുനിൽ ജെയിൻ, സജിവ് സോമൻ,പ്രകാഷലി ജെയിൻഎന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ കഥ, തിരക്കഥ,സംഭാഷണംരാജേഷ് വൈ വി,അനൂപ് രവീന്ദ്രൻ എന്നിവർ ചേർന്നെഴുതുന്നു.

അലക്സ് ജെ പുളിക്കൽ ഛായാഗ്രഹണം നിർവഹിക്കുന്നു. വിനായക് ശശികുമാർ, മനു മഞ്ജിത് എന്നിവരുടെ വരികൾക്ക് സാം സി എസ് സംഗീതം പകരുന്നു.കോ പ്രൊഡ്യൂസേഴ്സ്പരിധി ഖണ്ടേൽവാൽ, അഡ്വക്കേറ്റ് സ്മിത നായർ ഡി, സാം ജോർജ്ജ്, എഡിറ്റർഅർജു ബെൻ,പ്രൊഡക്ഷൻ കൺട്രോളർപ്രണവ് മോഹൻ,പ്രൊഡക്ഷൻ ഡിസൈനർസുനിൽ കെ ജോർജ്,േ മക്കപ്പ്ജിതേഷ് പൊയ്യ, വസ്ത്രാലങ്കാരം സമീറാ സനീഷ്, സൗണ്ട് ഡിസൈൻ ശ്രീ ശങ്കർ, ചീഫ് അസോസിയേറ്റ് ഡയറക്ടർ സുകു ദാമോദർ, സ്റ്റിൽസ് ബിജിത്ത് ധർമ്മടം, പരസ്യകല യെല്ലോ ടൂത്ത്സ്. ഐ വി എഫ് സ്പെഷ്യലിസ്റ്റായ ഒരു ഡോക്ടർ നേരിടുന്ന പ്രശ്നങ്ങളും അത് പരിഹരിക്കാൻ അയാൾ കണ്ടെത്തുന്ന വഴികൾ രസകരമായ രീതിയിൽ പ്രതിപാദിക്കുന്ന സാമൂഹികപ്രസക്തിയുള്ള ഫാമിലി എന്റർടൈയ്നർ ചിത്രമാണ് ഗെറ്റ്സെറ്റ് ബേബി.

പ്രൊമോഷൻ കൺസൾട്ടന്റ് വിപിൻ കുമാർ വി,പി ആർ ഒ എ എസ് ദിനേശ്.



സൊസൈറ്റി ടുഡേ
SOCIETY TODAY




# കൊച്ചിയിലെ വ്യാവസായിക റിയൽ എസ്റ്റേറ്റ് വിപണിയിൽ ശക്തമായ വളർച്ച

- ഓഫിസ് സ്പേസുകളിൽ കഴിഞ്ഞ 3 വർഷത്തിനിടെ 28% വളർച്ച.
- ചില്ലറ വിപണിയാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ 2020ന് ശേഷം 42% വളർച്ച

**കൊച്ചി:** കൊച്ചിയിൽ വ്യാവസായിക റിയൽ എസ്റ്റേറ്റ് വിപണിയിൽ ശക്തമായ വളർച്ചയാണ് സംഭവിച്ചു കൊണ്ടിരിക്കുന്നതെന്ന് സർവ്വേ റിപ്പോർട്ട്. രാജ്യത്തെ മുൻനിര റിയൽ എസ്റ്റേറ്റ് കൺസൾട്ടിങ് സ്ഥാപനമായ സി. ബി. ആർ. ഇ സൗത്ത് ഏഷ്യ പ്രൈവറ്റ് ലിമിറ്റഡും ക്രെഡായ് കേരളയും ചേർന്ന് തയാറാക്കിയ സമഗ്ര റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കിയിരിക്കുന്നത് 'കേരളത്തിന്റെ വളർച്ച: ഇന്ത്യൻ വികസനത്തിന്റെ തുടിപ്പ്' എന്ന് പേരിട്ടിരിക്കുന്ന റിപ്പോർട്ട്, ക്രെഡായ് കേരള സ്റ്റേറ്റ് കോൺ 2025ലാണ് പുറത്തിറക്കിയത്. ഓഫിസ്, റീടെയ്ൽ റിയൽ എസ്റ്റേറ്റ് മേഖലകളിൽ മികച്ച പ്രകടനമാണ് കഴിഞ്ഞ ഏതാനും വർഷങ്ങളായി കൊച്ചി നടത്തിയതെന്ന് റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. കൊച്ചിയിൽ ലഭ്യമായ ഓഫീസ് സ്പേസുകളിൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടെ 28% വളർച്ചയുണ്ടായി. 2024 ഡിസംബർ അവസാനം വരെയുള്ള കണക്കുകൾ പ്രകാരം 1.7 കോടി സ്ക്വയർ ഫീറ്റ് സ്ഥലമാണ് ഓഫിസ് ആവശ്യങ്ങൾക്കായി കൊച്ചിയിൽ ലഭ്യമായിട്ടുള്ളത്. റീട്ടെയിൽ സ്പേസിൽ 2020 മുതൽ 9% വളർച്ചയും രേഖപ്പെടുത്തി. ഇതിനായി 34 ലക്ഷം സ്ക്വയർ ഫീറ്റ് സ്ഥലമാണ് നിലവിൽ കൊച്ചിയിൽ ആകെയുള്ളത്.

2024 ൽ ടെക്നോളജി കമ്പനികളാണ് കൊച്ചിയിൽ ഏറ്റവുമധികം കെട്ടിടങ്ങൾ പാട്ടത്തിനെടുത്തത്. ആകെ ഓഫിസ് സ്പേസിന്റെ 44% വും ഇത്തരം കമ്പനികളാണ്. തൊട്ടുപിന്നാലെ, 25% വിപണിവിഹിതവുമായി ഗവേഷണ, കൺസൾട്ടിങ്, അനലിറ്റിക്സ് (ആർ.സി.എ) സ്ഥാപനങ്ങളുമുണ്ട്. ഫ്ലെക്സ് സ്പേസ് ഓപ്പറേറ്റർമാർ (വിവിധ ആവശ്യാനുസരണം ഓഫിസ് സ്പെയ്സ് വിനിയോഗിക്കുന്നവർ) 12%, ഏവിയേഷൻ രംഗം 11%, ബാങ്കിങ്, ഫിനാൻസ്, ഇൻഷുറൻസ് കമ്പനികൾ 4%, എഞ്ചിനീയറിംഗും നിർമാണവും 3%, മറ്റുള്ളവ 1% എന്നിങ്ങനെയാണ് കണക്കുകൾ. ഇതിൽ 57% റിയൽ എസ്റ്റേറ്റും ആഭ്യന്തര കമ്പനികളാണ് വിനിയോഗിക്കുന്നത്. 29% സ്ഥലത്ത് അമേരിക്കൻ കമ്പനികളും യൂറോപ്പ്, മധ്യേഷ്യ, ആഫ്രിക്ക എന്നീ മേഖലകളിൽ നിന്നുള്ള കമ്പനികൾ 11% സ്ഥലവും പാട്ടത്തിനെടുത്തിട്ടുണ്ട്. ഏഷ്യൻ കമ്പനികൾ 3% സ്ഥലമാണ് പ്രയോജനപ്പെടുത്തിയത്. അമ്പതിനായിരം സ്ക്വയർ ഫീറ്റിൽ താഴെയുള്ള ചെറു ഓഫിസുകൾക്കാണ് ആവശ്യക്കാരേറെയെന്നും (78%) 2024ലെ കണക്കുകൾ വ്യക്തമാക്കുന്നു. 2024 അവസാനിച്ചപ്പോൾ കൊച്ചിയിൽ ലഭ്യമായ റെസിഡൻഷ്യൽ യൂണിറ്റുകളുടെ എണ്ണം 17,000 കവിഞ്ഞു. ഐടി, ഷിപ്പിംഗ്, വ്യവസായം എന്നീ മേഖലകളിൽ കൂടുതൽ ആളുകൾ എത്തുന്നതിനാൽ താമസസൗകര്യങ്ങൾ തേടുന്നവരുടെ എണ്ണത്തിൽ വർധനയുണ്ടാക്കുന്നു.

ടെക്നോപാർക്കിന്റെ നേതൃത്വത്തിൽ, തിരുവനന്തപുരത്തെ ഐടി രംഗം വികസിക്കുകയാണ്. വിദ്യാഭ്യാസ രംഗത്തും ഗവേഷണത്തിലുമുള്ള ഊന്നലാണ് തിരുവനന്തപുരത്തെ ഉയർച്ചയിലേക്ക് നയിക്കുന്നത് തൃശൂർ അതിവേഗം വളരുന്ന റിയൽ എസ്റ്റേറ്റ് വിപണിയാണ്.

മലബാർ തീരത്തെ സുപ്രധാന സ്ഥാനവും കൊച്ചി, ബെംഗളൂരു തുടങ്ങിയ പ്രധാന നഗരങ്ങളുടെ സാമീപ്യവും ശക്തമായ ഗതാഗത ശൃംഖലയുമാണ് കോഴിക്കോടിന്റെ തന്ത്രപ്രധാനമായ നേട്ടങ്ങൾ

# ഇൻഫോഗെയിൻ കൊച്ചിയിൽ തുടങ്ങി; ആയിരത്തിലധികം തൊഴിലവസരങ്ങൾ

**കൊച്ചി:** അമേരിക്കയിലെ സിലിക്കൺവാലി ആസ്ഥാനമായി പ്രവർത്തിക്കുന്ന കസ്റ്റമർ എക്സ്പീരിയൻസ് എൻജിനീയറിംഗ് കമ്പനിയായ ഇൻഫോഗെയിനിന്റെ അത്യാധുനിക ഓഫീസ് കൊച്ചിയിൽ ആരംഭിച്ചു. കേരള സ്റ്റാർട്ടപ്പ് മിഷനിലെ കമ്പനിയായ ഇംപാക്ടീവ് കമ്പനിയെ ഏറ്റെടുത്തതിന്റെ ഭാഗമായാണ് പുതിയ ഓഫീസ് കൊച്ചിയിൽ ആരംഭിച്ചത്. 2021 ൽ ആരംഭിച്ച ഇംപാക്ടീവ് സിആർഎം മേഖലയിലാണ് പ്രവർത്തിച്ചിരുന്നത്. മെട്രോനഗരങ്ങൾക്കപ്പുറം ലഭ്യമായ മികച്ച നൈപുണ്യശേഷി ഉപയോഗപ്പെടുത്തുക എന്ന പ്രതിബദ്ധതയുടെ നേർസാക്ഷ്യമാണ് കൊച്ചിയിലെ പുതിയ ഓഫീസെന്ന് ഇൻഫോഗെയിൻ സിഇഒ ദിനേശ് വേണുഗോപാൽ പറഞ്ഞു. ഇൻഫോഗെയിനിന്റെ പ്രവർത്തനം വ്യാപിക്കുന്നതിനപ്പുറം പ്രാദേശിക സമ്പദ് വ്യവസ്ഥയ്ക്ക് കൂടി ഇത് സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു.അടുത്ത അഞ്ച് വർഷങ്ങളിൽ 1000 ലധികം തൊഴിലവസരമാണ് ഇൻഫോഗെയിൻ വഴി



കൊച്ചിയിലുണ്ടാകുന്നതെന്ന് കമ്പനിയുടെ സെയിൽസ് ഫോഴ്സ് സ്റ്റുഡിയോ ഹെഡും ഇംപാക്ടീവ് സ്ഥാപകനുമായ ജോസഫ് കോര ചൂണ്ടിക്കാട്ടി. ഇൻഫോഗെയിനിൻറെ നൂതന സാങ്കേതികവിദ്യാ വികസനത്തിൻറെ കേന്ദ്രമായിരിക്കും കൊച്ചിയിലേത്. വൈവിദ്ധ്യമാർന്ന നൈപുണ്യശേഷി ഉപയോഗപ്പെടുത്താൻ പറ്റിയ തന്ത്രപ്രധാനമായ മേഖലയാണ് കൊച്ചി. ഇൻഫോഗെയിനിൻറെ ഗ്ലോബൽ ഡെലിവറി ഹബ്ബായി കൊച്ചിയെ തീരുമാനിക്കാനുള്ള കാരണവുമിതാണ്. ഡാറ്റാ എൻജിനീയറിംഗിലെ 5000 വ്യത്യസ്തമേഖലകളിലായി ഒന്നര ലക്ഷത്തോളം ഐടി പ്രൊഫഷണലുകൾ ഇവിടെയുണ്ട്. ആരോഗ്യ സാങ്കേതികവിദ്യ, ഇൻഷുറൻസ്, ട്രാവൽ, ടെലികോം, ചില്ലറവ്യാപാരം, കൺസ്യൂമർ പാക്കേജ്ഡ് ഗുഡ്സ് എന്നീ മേഖലകളിലെ ഉപഭോക്തൃ സേവന സാങ്കേതികവിദ്യയാണ് ഇൻഫോഗെയിൻ കൈകാര്യം ചെയ്യുന്നത്. ആഗോളറേറ്റിംഗ് ഏജൻസിയായ ഫോർച്യൂൺ 500 കമ്പനികളുൾപ്പെടെ ഇൻഫോഗെയിനിൻറെ ഉപഭോക്താക്കളാണ്. ക്ലൗഡ്, മൈക്രോസർവീസസ്, ഓട്ടോമേഷൻ,ഐടി, നിർമ്മിത ബുദ്ധി എന്നിവ അടിസ്ഥാനമാക്കിയാണ് പ്രവർത്തനം. മൈക്രോസോഫ്റ്റ് അസൂർ, ഗൂഗിൾ ക്ലൗഡ്, ആമസോൺ വെബ് സർവീസ് എന്നീ ക്ലൗഡ് വിഭാഗങ്ങളിലും ഇവർ വിദഗ്ധ സേവനം നൽകുന്നു.കാലിഫോർണിയ, വാഷിംഗ്ടൺ, ടെക്സസ്, യുകെ, സിംഗപ്പൂർ, എന്നിവിടങ്ങളിൽ ഇൻഫോഗെയിൻ ഓഫീസ് പ്രവർത്തിക്കുന്നു. ഡാലസ്, സിയാറ്റിൽ, മോണ്ടേവിഡിയോ, ക്രാക്കൗ, നോയിഡ, ബംഗളുരു, പുണെ, ഗുരുഗ്രാം, മുംബൈ എന്നിവിടങ്ങളിൽ ഡെലിവെറി സെൻററുകളുമുണ്ട്.

## കൊച്ചി മാരത്തൺ എക്സ്പോയ്ക്ക് ഇന്ന് തുടക്കം

**കൊച്ചി:** മൂന്നാമത് ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണിന്റെ ഭാഗമായി മറൈൻ ഡ്രൈവിൽ നടക്കുന്ന എക്സ്പോയ്ക്ക് ഇന്ന് തുടക്കമാകും. രണ്ട് ദിവസങ്ങളിലായി നടക്കുന്ന പ്രദർശനമേളയിൽ മാരത്തൺ ടൈറ്റിൽ സ്പോൺസർ ഫെഡറൽ ബാങ്ക്, മെഡിക്കൽ പാർട്ണർ ആസ്റ്റർ മെഡ്സിറ്റി, ടൈഗർബാം, കിയാ,ഏസിക്സ്, ഫ്ലൈയിങ് കാർപ്പെറ്റ് എന്നീ ബ്രാൻഡുകളുടെ സ്റ്റാളുകളാണ് ഉള്ളത്. വെള്ളിയാഴ്ച്ച രാവിലെ 10 മുതൽ വൈകുന്നേരം ആറ് വരെയും ശനിയാഴ്ച്ച രാവിലെ ഒമ്പത് മുതൽ വൈകുന്നേരം അഞ്ച് വരെയുമാണ് പ്രദർശനമേള നടക്കുക. മാരത്തൺ രജിസ്ട്രേഷൻ കൗണ്ടറും മേളയിൽ സജ്ജമാക്കിയിട്ടുണ്ട്. രജിസ്റ്റർ ചെയ്തവർക്ക് ഇവിടെ നിന്ന് റെയ്സ് കിറ്റും ലഭിക്കും. ക്ലിയോസ്പോർട്സ് സംഘടിപ്പിക്കുന്ന മൂന്നാമത് ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ ഞായറാഴ്ച്ച (ഫെബ്രു.9)നടക്കും. പുലർച്ചെ നാലു മണിക്ക് മറൈൻ ഡ്രൈവിൽ നിന്ന് ഫ്ളാഗ് ഓഫ് ചെയ്യും. ഫുൾ, ഹാഫ്, പത്ത് കി.മി, മൂന്ന് കി.മി ഗ്രീൻ റൺ, സ്പെഷ്യൽ റൺ എന്നീ വിഭാഗങ്ങളിലായാണ് മാരത്തൺ നടക്കുന്നത്.

## ഹെക്സവെയർ ടെക്നോളജീസ് ലിമിറ്റഡ് ഐപിഒ ഫെബ്രുവരി 12 മുതൽ

**കൊച്ചി:** ഹെക്സവെയർ ടെക്നോളജീസ് ലിമിറ്റഡിൻറെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) ഫെബ്രുവരി 12 മുതൽ 14 വരെ നടക്കും. പ്രമോട്ടർമാരുടെ 8,750 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരു രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 674 രൂപ മുതൽ 708 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 21 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 21 ൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, സിറ്റി ഗ്രൂപ്പ് ഗ്ലോബൽ മാർക്കറ്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ജെ.പി മോർഗൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, എച്ച്എസ്ബിസി സെക്യൂരിറ്റീസ് ആൻഡ് ക്യാപിറ്റൽ മാർക്കറ്റ്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, ഐഐഎഫ്എൽ ക്യാപിറ്റൽ സർവീസസ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## മഹീന്ദ്ര എക്സ്ഇവി 9ഇ, ബിഇ 6 വാഹനങ്ങളുടെ ബുക്കിംഗ് 14 മുതൽ

**കൊച്ചി:** മഹീന്ദ്രയുടെ പുതിയ എസ്യുവി ഇലക്ട്രിക് വാഹനങ്ങളായ എക്സ്ഇവി 9ഇ, ബിഇ 6 വാഹനങ്ങളുടെ വില പ്രഖ്യാപിച്ചു. എക്സ്ഇവി 9ഇ വാഹനത്തിന് 21.90 ലക്ഷം മുതൽ 30.50 ലക്ഷം രൂപ വരെയും ബിഇ 6ന് 18.90 ലക്ഷം മുതൽ 26.90 ലക്ഷം രൂപ വരെയുമാണ് എക്സ് ഷോറും വില. ഫെബ്രുവരി 14ന് രാവിലെ 9 മണി മുതൽ വാഹനങ്ങളുടെ ബുക്കിംഗ് ആരംഭിക്കും. മാർച്ച് പകുതിയോടെ പായ്ക്ക് ത്രീ വാഹനങ്ങൾ ലഭിച്ചു തുടങ്ങും. മറ്റുള്ളവ ജൂൺ, ആഗസ്റ്റ് മാസങ്ങളോടെ ലഭിക്കും.അഞ്ച് വേരിയൻറുകളിലാണ് ബിഇ 6 ലഭിക്കുക. 59 കിലോവാട്ട് ബാറ്ററി പായ്ക്കുള്ള വാഹനത്തിന് 18.90 ലക്ഷം രൂപയും, 59 കിലോവാട്ട് പായ്ക്ക് വൺ എബൗവിന് 20.50 ലക്ഷം രൂപയും, 59 കിലോവാട്ട് പായ്ക്ക് ടുവിന് 21.90 ലക്ഷം രൂപയും, 59 കിലോവാട്ട് പായ്ക്ക് ത്രീ സെലക്റ്റിന് 24.50 ലക്ഷം രൂപയുമാണ് വില. വലിയ 79 കിലോവാട്ട് ബാറ്ററി ഉപയോഗിക്കുന്ന പായ്ക്ക് ത്രീ വാഹനത്തിന് 26.90 ലക്ഷം രൂപയാണ് വില. എവറസ്റ്റ് വൈറ്റ്, എവറസ്റ്റ് വൈറ്റ് സാറ്റിൻ, ഡീപ് ഫോറസ്റ്റ്, ടാംഗോ റെഡ്, ഡെസേർട്ട് മിസ്റ്റ്, ഡെസേർട്ട് മിസ്റ്റ് സാറ്റിൻ, ഫയർസ്റ്റോം ഓറഞ്ച്, സ്റ്റെൽത്ത് ബ്ലാക്ക് എന്നീ നിറഭേദങ്ങളിലാണ് വാഹനമെത്തുക.എക്സ്ഇവി 9ഇ വാഹനത്തിൻറെ നാല് വേരിയൻറുകളാണുള്ളത്. 59 കിലോവാട്ട് ഉപയോഗിക്കുന്ന പായ്ക്ക് വണ്ണിന് 21.90 ലക്ഷം രൂപയും, 59 കിലോവാട്ട് പായ്ക്ക് ടുവിന് 24.90 ലക്ഷം രൂപയും, 59 കിലോവാട്ട് പായ്ക്ക് ത്രീ സെലക്റ്റിന് 27.90 ലക്ഷം രൂപയുമാണ് വില. 79 കിലോവാട്ട് ബാറ്ററി ഉപയോഗിക്കുന്ന പായ്ക്ക് ത്രീക്ക് 30.50 ലക്ഷം രൂപയാണ് വില. എവറസ്റ്റ് വൈറ്റ്, ഡീപ് ഫോറസ്റ്റ്, ടാംഗോ റെഡ്, നെബുല ബ്ലൂ, ഡെസേർട്ട് മിസ്റ്റ്, റൂബി വെൽവെറ്റ്, സ്റ്റെൽത്ത് ബ്ലാക്ക് എന്നീ നിറഭേദങ്ങളിൽ വാഹനം ലഭ്യമാകും.59 കിലോവാട്ട്, 79 കിലോവാട്ട് എന്നിങ്ങനെ രണ്ട് ബാറ്ററി പായ്ക്കുകളോടെയാണ് ഇരുവാഹനങ്ങളും എത്തുന്നത്. 11.2 കിലോവാട്ട് ചാർജറിന് 75000 രൂപയും 7.2 കിലോവാട്ട് ചാർജറിന് 50000 രൂപയും അധികമായി നൽകണം.https://www.mahindraeletcricsuv.com എന്ന വെബ്സൈറ്റിലൂടെ ഇഷ്ടമുള്ള വാഹനങ്ങൾ ബുക്കിംഗിനായി തിരഞ്ഞെടുക്കാം.

## ബജാജ് ഫിൻസെർവ് എഎംസി മൾട്ടി ക്യാപ് ഫണ്ട് പുറത്തിറക്കി

**കൊച്ചി:** ബജാജ് ഫിൻസെർവ് എഎംസി ലാർജ് ക്യാപ്, മിഡ് ക്യാപ്, സ്മോൾ ക്യാപ് ഓഹരികളിൽ നിക്ഷേപം നടത്തുന്ന ഓപ്പൺഎൻഡ് ഇക്വിറ്റി സ്കീമായ ബജാജ് ഫിൻസെർവ് മൾട്ടി ക്യാപ് ഫണ്ട് പുറത്തിറക്കി. ഫണ്ട് സബ്സ്ക്രിപ്ഷൻ ഫെബ്രുവരി 20ന് അവസാനിക്കും.വൻകിട, ഇടത്തരം, ചെറുകിട കമ്പനികളിൽ സന്തുലിതമായി നിക്ഷേപം നടത്തി മികച്ച ദീർഘകാല വരുമാനം കൈവരിക്കുക എന്നതാണ് മൾട്ടി ക്യാപ് ഫണ്ട് ലക്ഷ്യമിടുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ബജാജ് ഫിൻസെർവ് മൾട്ടി ക്യാപ് ഫണ്ട് നിക്ഷേപകർക്ക് അവഗണിക്കപ്പെട്ടിരിക്കുന്ന ആസ്തികളിലെ മറഞ്ഞിരിക്കുന്ന മൂല്യം നേടിയെടുക്കാനുള്ള അവസരം നൽകുന്നതാണെന്ന് ബജാജ് ഫിൻസെർവ് എഎംസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഗണേഷ് മോഹൻ പറഞ്ഞു.



# എലൈറ്റ് എലിവേറ്റേഴ്സ് ആധുനിക ഹോം ലിഫ്റ്റുകൾ പുറത്തിറക്കി

**കൊച്ചി :** പ്രീമിയം ഹോം ലിഫ്റ്റ് മേഖലയിലെ മുൻനിരക്കാരായ എലൈറ്റ് എലിവേറ്റേഴ്സ്, അത്യാധുനികമായ എലൈറ്റ് എക്സ്300, എക്സ്300 പ്ലസ് ഹോം ലിഫ്റ്റുകൾ പുറത്തിറക്കി. ആഡംബരം, നൂതന സാങ്കേതികവിദ്യ, സുസ്ഥിരത എന്നിവയെ സംയോജിപ്പിച്ചു കൊണ്ടാണ് പുതിയ ലിഫ്റ്റുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. 2025 ൽ യുഎസ്എ, കാനഡ തുടങ്ങിയ പുതിയ മേഖലകളിലേക്ക് വിപണി സാന്നിധ്യവും പ്രവർത്തനങ്ങളും വ്യാപിപ്പിക്കാനുള്ള തയ്യാറെടുപ്പിലാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ഫിനാൻഷ്യൽ സർവീസ് ഫണ്ട് അവതരിപ്പിച്ച് എച്ച്എസ്ബിസി

**കൊച്ചി:** സാമ്പത്തിക സേവന മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ ഓഹരികളിൽ നിക്ഷേപിക്കാൻ അവസരമൊരുക്കി പ്രമുഖ അസറ്റ് മാനേജ്മന്റ് കമ്പനിയായ എച്ച്എസ്ബിസി മുച്വൽ ഫണ്ട്. എച്ച്എസ്ബിസി ഫിനാൻഷ്യൽ സർവീസ് ഫണ്ട് എന്ന പേരിൽ അവതരിപ്പിച്ച ഫണ്ടിൽ ഈമാസം 20വരെ നിക്ഷേപിക്കാം. രാജ്യത്തെ സമ്പദ്‌വ്യവസ്ഥ വളരുന്നതിനനുസരിച്ച് വികസിക്കുന്ന സാമ്പത്തിക സേവന മേഖലകളിലെ നിക്ഷേപങ്ങളിലൂടെ നിക്ഷേപകർക്ക് മികച്ച റിട്ടേണുകൾ ലഭ്യമാക്കുകയാണ് ഫണ്ടിലൂടെ ലക്ഷ്യമിടുന്നതെന്ന എച്ച്എസ്ബിസി ഫിനാൻഷ്യൽ സർവീസ് ഫണ്ട് എന്ന് സിഇഒ കൈലാഷ് കുൽക്കർണി പറഞ്ഞു.നിക്ഷേപകർക്ക് ബാങ്കുകൾ, എൻബിഎഫ്സികൾ, അസറ്റ് മാനേജ്മെന്റ് കമ്പനികൾ, ധന മാനേജ്മെന്റ് കമ്പനികൾ, ഇൻഷുറൻസ് കമ്പനികൾ, മൈക്രോ ഫിനാൻസ് ഹൗസിങ് ഫിനാൻസ് കമ്പനികൾ തുടങ്ങി മികച്ച പ്രകടനം നടത്താൻ സാധ്യതയുള്ള കമ്പനികളുടെ ഓഹരികൾ തിരഞ്ഞെടുക്കാം. നിക്ഷേപകർക്ക് കൂടുതൽ കാലത്തേക്ക് നേട്ടമുണ്ടാക്കാൻ സാധിക്കുന്നതാണ് എച്ച്എസ്ബിസി ഫിനാൻഷ്യൽ സർവീസ് ഫണ്ട് എന്ന് സിഇഒ കൈലാഷ് കുൽക്കർണി പറഞ്ഞു.

# മൂന്ന് കാറ്റാടി പദ്ധതികളുമായി ആമസോൺ



**കൊച്ചി:** ഇന്ത്യയിലെ മൂന്ന് പുതിയ കാറ്റാടി പദ്ധതികളിൽ നിക്ഷേപം പ്രഖ്യാപിച്ച് ആമസോൺ. ക്ലീൻമാക്സ് കൊപ്പാൽ, ബ്ലൂപൈൻ സോളാപൂർ, ജെഎസ് ഡബ്ല്യൂ എനർജി ധർമപുരം എന്നിവയാണ് ആമസോൺ പുതിയ ഒപ്പുവച്ച മൂന്ന് പദ്ധതികൾ. ആമസോണിന്റെ നിലവിലെ 53 സോളാർ, വിൻഡ് എനർജി പദ്ധതികൾക്കൊപ്പമാണ് ഇവ കൂടി ആരംഭിക്കുന്നത്.

നിലവിലെ പദ്ധതികളിലൂടെ രാജ്യത്തിന് മണിക്കൂറിൽ നാലു ദശലക്ഷം മെഗാവാട്ട് കാർബൺ മുക്ത ഊർജം ലഭിക്കും. ഇന്ത്യയിലെ 13 ലക്ഷം ഭവനങ്ങൾക്കുള്ള ഊർജ്ജം ഇതിലൂടെ ലഭിക്കും. രാജ്യത്തുടനീളമുള്ള 9 യൂട്ടിലിറ്റി സ്കെയിൽ സോളാർ, വിൻഡ് ഫാമുകളും ആമസോൺ പ്രവർത്തനങ്ങൾ നടത്തുന്ന 44 പ്രാദേശിക കെട്ടിടങ്ങളിലെ ഓൺസൈറ്റ് സോളാർ കേന്ദ്രങ്ങളും പദ്ധതികളിൽ ഉൾപ്പെടുന്നു.

കർണാടകയിലെ വിൻഡ് ഫാമിൽ 100 മെഗാവാട്ട് ഉൽപ്പാദിപ്പിക്കുന്നതാണ് ക്ലീൻമാക്സ് കൊപ്പാൽ പദ്ധതി. മഹാരാഷ്ട്രയിലെ 99 മെഗാവാട്ടിൻറെ വിൻഡ് പ്രൊജക്റ്റാണ് ബ്ലൂപൈൻ. തമിഴ്നാട്ടിലെ 180 മെഗാവാട്ടിൻറെ വിൻഡ് പദ്ധതിയാണ് ജെഎസ് ഡബ്ല്യൂ എനർജി ധർമപുരം. ഈ പ്രൊജക്റ്റുകളിലൂടെ ഇന്ത്യയുടെ പുനരുപയോഗ ഊർജ്ജ ലക്ഷ്യത്തെ സഹായിക്കും. ബന്ധപ്പെട്ട മേഖലകളിൽ നിരവധി നിർമാണ പ്രവർത്തനങ്ങളിലൂടെ തൊഴിൽ അവസരങ്ങളും ലഭ്യമാകുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.




# കെട്ടിട നിർമാണ ചട്ടങ്ങളിൽ മാറ്റം കൊണ്ടുവരാൻ തയ്യാർ: മുഖ്യമന്ത്രി

**കൊച്ചി:** കെട്ടിട നിർമാണ ചട്ടങ്ങളിൽ ക്രെഡായ് നിർദ്ദേശിക്കുന്ന മാറ്റം കൊണ്ടുവരാൻ തയ്യാറാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ സ പറഞ്ഞു. കൊച്ചി ചാക്കോളാസ് പവലിയനിൽ നടക്കുന്ന ക്രെഡായുടെ എട്ടാമത് സംസ്ഥാന സമ്മേളനം ഓൺലൈനായി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വികസനം സുസ്ഥിരമാകണമെന്ന കാഴ്ചപ്പാടാണ് സർക്കാരിനുള്ളത്. ഇത് ശരിയായ അർത്ഥത്തിൽ നടപ്പാകുന്നുണ്ടോയെന്ന് പരിശോധിക്കണം. കാർബൺ ഫൂട്ട്പ്രിന്റ് തിരിച്ചറിഞ്ഞ് ഭാവി തലമുറയ്ക്ക് ഉണ്ടാക്കുന്ന ആഘാതം എത്ര, എങ്ങനെ ഒഴിവാക്കാം തുടങ്ങിയ കാര്യങ്ങൾ ചിന്തയിലുണ്ടാകണം."നവകേരള നിർമ്മിതിക്ക് നിർമ്മാണ കമ്പനികളുടെ സംഭാവന പ്രതീക്ഷിക്കുകയാണ്.

വിപണിയിലുണ്ടാകുന്ന സാമ്പത്തിക മാന്ദ്യം, വിപണിയിലെ മാറ്റം തുടങ്ങിയവ നേരിട്ട് ബാധിക്കുന്നത് നിങ്ങളെയാണ്. ഒരു പദ്ധതി പൂ!ർത്തിയാക്കുന്ന ഘട്ടങ്ങളിൽ റിയൽ എസ്റ്റേറ്റ് മേഖല പലപ്പോഴും പ്രതിസന്ധി നേരിടാറുണ്ട്. സാധനങ്ങളുടെ വില വ!ർദ്ധന, നികുതിയിലുണ്ടാകുന്ന മാറ്റം, തുടങ്ങിയ പ്രതിസന്ധികളെ അതിജീവിച്ചാണ് നി!ർമാണ പ്രവർത്തനം പൂ!ർത്തിയാക്കുന്നത്. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ കാലാനുസൃതമായ മാറ്റം കൊണ്ടുവരാൻ തങ്ങൾ തയ്യാറാണെന്നും മുഖ്യമന്ത്രി പറഞ്ഞു. കേരളം സമാനതകളില്ലാത്ത വികസനം നടക്കുകയാണ്. കൂട്ടായ പ്രവ!ർത്തനത്തിലൂടെയാണ് നാം നേട്ടങ്ങൾ കൈവരിച്ചത്. ഐടി കോറിഡോർ, റിങ് റോഡ്, വ്യവസായിക ഇടനാഴി, ഇൻഡസ്ട്രി സ്മാർട് സിറ്റി, സിൽവർ ലൈൻ തുടങ്ങിയ പദ്ധതികളുടെ വികസനത്തിന് ക്രെഡായിയുടെ പിന്തുണ ആവശ്യമാണ്. കേരളത്തിന്റെ 35 ശതമാനം ഭൂമി മാത്രമാണ് വികസന ആവശ്യങ്ങൾക്കു വേണ്ടി ഉപയോഗിക്കാൻ കഴിയൂ.ഉയർന്ന ജനസാന്ദ്രതയുള്ള പ്രദേശംകൂടിയാണ് കേരളം. അതിവേഗം നഗരവത്കരിക്കപ്പെടുകയാണ്.

വെർട്ടിക്കൽ ഗാർഡൻ പോലെ വെർട്ടിക്കൽ ഹബിറ്റാറ്റ് പരിഗണിക്കണം. പ്രകൃതിക്ഷോഭത്തെ അതിജീവിക്കാൻ കഴിയുന്ന നിർമാണ രീതിയാണ് പരിഗണിക്കേണ്ടത്. നിർമ്മാണ രംഗത്ത് നിങ്ങളുടേതായ ഗവേഷണം നടത്തണം. നൈപുണി വികസനം ക്രെഡായ് വെല്ലുവിളിയായി ഏറ്റെടുക്കണെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു.ക്രെഡായ് കേരളയുടെ ചെയർമാൻ രവി ജേക്കബ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു, ക്രെഡായ് ദേശീയ സെക്രട്ടറി റാം റെഡ്ഡി വിശിഷ്ടാതിഥിയായിരുന്നു, സിബിആർഇയുടെ മാനേജിങ് ഡയറക്ടർ റാം ചന്ദ്നാനി, ക്രെഡായ് കോൺഫ്രൻസ് ചെയർമാൻ എം വി ആന്റണി, കൊച്ചി ചാപ്റ്റർ പ്രസിഡന്റ് രവി ശങ്കർ, ക്രെഡായ് കേരള സെക്രട്ടറി ചെറിയാൻ ജോൺ, തുടങ്ങിയവർ സംസാരിച്ചു

# വെണ്ണല ഹൈസ്കൂളിന് വിഗാർഡിന്റെ കൈത്താങ്ങ്; ഐടി ലാബ് ഒരുക്കി നൽകി

**കൊച്ചി:** വെണ്ണല ഹൈസ്കൂളിന് വിഗാർഡ് ഫൗണ്ടേഷന്റെ കൈത്താങ്ങ്. പുതിയ ഐടി ലാബ് ഒരുക്കി നൽകി. വിഗാർഡ് സിഎസ്ആർ വിഭാഗം പ്രതിനിധി ഡോ. റീന ഫിലിപ്പ് ലാബിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

ഡിജിറ്റൽ വിദ്യാഭ്യാസത്തെയും സമൂഹ വികസനത്തെയും ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ലാബ് ഒരുക്കി നൽകിയതെന്ന് ഡോ. റീന ഫിലിപ്പ് പറഞ്ഞു.വിദ്യാർത്ഥികൾക്ക് നൂതന സാങ്കേതിക വിദ്യകളും, മികവാർന്ന ഡിജിറ്റൽ വിദ്യാഭ്യാസവും ലഭ്യമാക്കുന്നത് പഠന സാധ്യതകൾ വർദ്ധിപ്പിക്കുകയും, ഡിജിറ്റൽ യുഗത്തിൽ മികച്ച പ്രകടനം കാഴ്ച്ച വെയ്ക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുമെന്നും ഡോ. റീന ഫിലിപ്പ് പറഞ്ഞു.

സിഎസ്ആർ പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലാസ് റൂം നിർമ്മാണം, കോവിഡ് കാലത്ത് സ്മാർട്ട് ഫോൺ വിതരണം, ശുചീകരണ പ്രവർത്തനങ്ങൾ എന്നിവയും വിഗാർഡ് ഫൗണ്ടേഷൻ വെണ്ണല ഹൈസ്കൂളിനു വേണ്ടി ചെയ്തിട്ടുണ്ട്.




പരിപാടിയിൽ 42ാം ഡിവിഷൻ വാർഡ് കൗൺസിലർ ഹർഷൽ, വെണ്ണല ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് ചന്ദ്രലേഖ, സ്റ്റാഫംഗങ്ങൾ, വിഗാർഡ് പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# കാൽ നൂറ്റാണ്ട് പിന്നിട്ട് ക്യൂ ലൈഫ്; മൂന്ന് പുതിയ ഉൽപ്പന്നങ്ങൾ പുറത്തിറക്കി




**കൊച്ചി:** രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പാക്കേജ്ഡ് കുടിവെള്ള കമ്പനിയായ ക്യൂ ലൈഫ് കൺസ്യൂമർ പ്രോഡക്ട്സ് തങ്ങളുടെ മൂന്ന് പുതിയ ഉൽപ്പന്നങ്ങൾ പുറത്തിറക്കി. പരിസ്ഥിതി സൗഹൃദമായ ആൽക്കലൈൻ വാട്ടർ, 500 മില്ലി ഗ്ലാസ് ബോട്ടിൽ, എൻജൂസ് മാംഗോ ടെട്രാ പാക്കറ്റ്, ഉപ്പിട്ട നാരങ്ങ കാർബണേറ്റഡ് പാനീയമായ ഉപ്സോ എന്നിങ്ങനെ പുതിയ മൂന്ന് ഉൽപ്പന്നങ്ങളാണ് പുതിയതായി പുറത്തിറക്കിയിരിക്കന്നത്.

25 വർഷങ്ങൾ പൂർത്തിയാക്കുന്നതിന്റെ ഭാഗമായി എല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലേക്കും മിഡിൽ ഈസ്റ്റിലേക്കും തങ്ങളുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ ഈ വർഷം പദ്ധതിയുണ്ടെന്ന് നെസ്റ്റ് ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടറും സിഇഒയുമായ അൽത്താഫ് ജഹാംഗീർ പറഞ്ഞു.മികച്ച കുടിവെള്ള പരിഹാരങ്ങൾ നൽകിയതിനും ഗുണനിലവാരം കാത്ത് സൂക്ഷിച്ചതിനും 2024 ൽ ബിഐഎസ് സർട്ടിഫിക്കറ്റ് ഓഫ് അപ്രീസിയേഷൻ ക്യു ലൈഫ് കൺസ്യൂമർ പ്രോഡക്ട്സ് നേടിയിരുന്നു. കേരളത്തിലും തമിഴ്നാട്ടിലും ശക്തമായ സാന്നിധ്യമുള്ള ക്യൂ ലൈഫ്. ശുദ്ധവും സുരക്ഷിതവും ഉന്മേഷദായകവുമായ പാക്കേജ്ഡ് വെള്ളവും പാനീയങ്ങളും വിതരണം ചെയ്യുന്നതിൽ തെക്കേഇന്ത്യൻ വിപണിയിൽ മുൻപിലാണ്. തങ്ങളുടെ ഉൽപ്പന്നങ്ങളുടെ നിര വർധിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് പുതിയതായി മൂന്നെണ്ണം കൂടി പുറത്തിറക്കിയിരിക്കുന്നത്.ഒന്നര വർഷത്തിലധികമായി നടത്തിയ ഗവേഷണത്തിന്റെ ഫലമാണ് ഉപ്സോ (ഉപ്പു സോഡ) സാൾട്ടി ലെമൺ കാർബണേറ്റഡ് ഡ്രിങ്ക്. ഇത് കേരള രുചിയുടെ തനിമ നൽകുന്ന ഒന്നാകുമെന്നും അൽത്താഫ് ജഹാംഗീർ പറഞ്ഞു. ഗ്ലാസ് ബോട്ടിലുകളിൽ ആൽക്കലൈൻ വെള്ളം പാക്കേജ് ചെയ്യുമ്പോൾ ഉപഭോക്താക്കൾക്ക് പ്രീമിയം അനുഭവമാണ് സമ്മാനിക്കുന്നത്. ടെട്രാ പായ്ക്ക് മാങ്കോ സൗകര്യപ്രദമായ പാക്കേജിംഗ് ഉപഭോക്താക്കൾക്ക് നൽകുന്നുവെന്നും അദ്ദേഹം പറഞ്ഞു.ജനറൽ മാനേജർ പ്രദീപ് എം, സീനിയർ കോർപ്പറേറ്റ് ജനറൽ മാനേജർ, നെസ്റ്റ് ഗ്രൂപ്പ് തോമസ് എബ്രഹാം എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# ഇക്വിറസ് വെൽത്ത് കൊച്ചിയിൽ പുതിയ ഓഫീസ് തുറന്നു



**കൊച്ചി:** രാജ്യത്തെ പ്രധാന വെൽത്ത് മാനേജ്മെന്റ് സ്ഥാപനങ്ങളിലൊന്നായ ഇക്വിറസ് വെൽത്ത് കൊച്ചിയിൽ പുതിയ ഓഫീസ് തുറന്നു. സംസ്ഥാനത്തെ ഉപഭോക്താക്കളുമായുള്ള ബന്ധം ശക്തിപ്പെടുത്താനും പ്രീമിയം വെൽത്ത് സൊല്യൂഷനുകൾ നൽകാനും ലക്ഷ്യമിട്ടാണ് പുതിയ ഓഫീസ് ആരംഭിച്ചിരിക്കുന്നത്. രാജ്യത്താകെ 1,500 ലധികം ശാഖകളും കേരളത്തിൽ മാത്രമായി 600ലധികം ശാഖകളുമുള്ള ഇക്വിറസ് ഫെഡറൽ ബാങ്കുമായി ദീർഘകാല പങ്കാളിത്തത്തിലൂടെ കേരളത്തിലെ വെൽത്ത് മാനേജ്മെന്റ് രംഗത്ത് ശക്തമായ സാന്നിധ്യമായി മാറിയിട്ടുണ്ട്.

ഉപഭോക്താക്കൾക്കായി പ്രീമിയം നിക്ഷേപം, ഫിനാൻഷ്യൽ കൺസൾട്ടിംഗ് തുടങ്ങിയ സേവനങ്ങളുടെ വേഗത്തിലുള്ള ലഭ്യത ഉറപ്പാക്കിക്കൊണ്ട് ഇക്വിറസ് വെൽത്ത് കേരളത്തിലുടനീളം വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നതായി കമ്പനി വൃത്തങ്ങൾ അറിയിച്ചു. സാമ്പത്തിക ആസൂത്രണം, നിക്ഷേപ തന്ത്രങ്ങൾ, വെൽത്ത് മാനേജ്മെന്റ് തുടങ്ങിയ മേഖലകളിൽ കമ്പനിയുടെ സേവനങ്ങൾ മെച്ചപ്പെടുത്താനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് പുതിയ ഓഫീസ് ആരംഭിച്ചത്.

ഉപഭോക്തൃ കേന്ദ്രീകൃത പരിഹാരങ്ങൾ നൽകുന്ന കേരളത്തിലെ ഏറ്റവും വലിയ വെൽത്ത് മാനേജ്മെന്റ് ടീമുകളിൽ ഒന്നായി ഇക്വിറസ് വെൽത്ത് മാറാൻ ഒരുങ്ങുകയാണെന്ന് ഇക്വിറസ് വെൽത്ത് എംഡിയും ദേശീയ മേധാവിയുമായ അങ്കുർ പുഞ്ച് പറഞ്ഞു. ഫെഡറൽ ബാങ്കിന്റെ ഇൻവെസ്റ്റ്മെന്റ് റിലേഷൻഷിപ്പ് മാനേജർമാരുമായി (ഐആർഎം) ചേർന്ന് പ്രവർത്തിക്കുന്ന കമ്പനി ഉപഭോക്താക്കൾക്ക് അവരുടെ ദീർഘകാല ലക്ഷ്യങ്ങൾ, അപകടസാധ്യതാ പരിഹാരങ്ങൾ തുടങ്ങിയ മേഖലകളിൽ അനുയോജ്യമായ പ്രൊഫഷണൽ ഉപദേശം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുമെന്നും അദ്ദേഹം പറഞ്ഞു.

# കൊച്ചിയുടെ വികസനത്തിന് തുക അനുവദിക്കണം; ധനമന്ത്രിയുമായി മേയർ കൂടിക്കാഴ്ച നടത്തി

## 13 വിഷയങ്ങൾക്ക് പണം അനുവദിക്കണമെന്നാണ് ധനമന്ത്രിയോട് അഭ്യർഥിച്ചിരിക്കുന്നതെന്ന് മേയർ

**കൊച്ചി:** സംസ്ഥാന ബഡ്ജറ്റിൽ കൊച്ചി നഗരത്തിന്റെ വികസനത്തിനായി കൂടുതൽ തുക അനുവദിക്കണമെന്നഭ്യർഥിച്ച് ധനമന്ത്രി കെ എൻ ബാലഗോപാലുമായി ചർച്ച നടത്തിയതായി കൊച്ചി മേയർ അഡ്വ. എം അനിൽകുമാർ പറഞ്ഞു.13 പ്രധാന വിഷയങ്ങൾക്കാണ് ബജറ്റിൽ തുക നീക്കി വെയ്ക്കുന്നതിനായി ആവശ്യപ്പെട്ടത് .കൊച്ചി നഗരം നേരിടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി എ.ഡി.ബി പദ്ധതിയിൽ ഉൾപ്പെടുത്തി 190 എം.എൽ.ഡി സംഭരണശേഷിയുള്ള പുതിയ ഒരു ജലശുദ്ധീകരണ പ്ലാന്റ് ആലുവയിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഈ പദ്ധതി 202526 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തണം, കൊച്ചി നഗരത്തിലെ ഏറ്റവും പഴയ സിനിമ പ്രദർശന ശാലകളിൽ ഒന്നായ കൊച്ചി നഗരസഭയുടെ ഉടമസ്ഥതയിലുള്ള കോക്കേഴ്സ് തിയേറ്റർ കോംപ്ലക്സിനെ ആധുനിക രീതിയിലുള്ള ഫിലിം കോംപ്ലക്സ് നിർമ്മിക്കുന്നതിന് അഞ്ച് കോടി രൂപ 2025–26 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തണം,

കൊച്ചി നഗരത്തിലെ വെള്ളക്കെട്ട് നിവാരണ പ്രവർത്തനങ്ങൾ ഏറെ മുന്നോട്ടു കൊണ്ടുപോകുന്നതിന് ഓപ്പറേഷൻ ബ്രേക്ക് ത്രൂ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. ഓപ്പറേഷൻ ബ്രേക്ക് ത്രൂവിന്റെ തുടർ പ്രവർത്തനങ്ങൾക്കായി പത്ത് കോടി രൂപ വകയിരുത്തണം, ഫോർട്ട് കൊച്ചി ബീച്ച് ഏറ്റവും മനോഹരമായി പരിസ്ഥിതിക്കും പ്രകൃതിക്കും പൈതൃകത്തിനും ഇണങ്ങുന്ന രീതിയിൽ നവീകരിക്കാൻ അഞ്ച് കോടി രൂപ നീക്കി വയ്ക്കണം,വെള്ളക്കെട്ട് അടക്കമുള്ള പ്രശ്നങ്ങൾക്ക് ഒരു ശാശ്വത പരിഹാരം കാണുന്നതിന് ഡ്രെയിനേജ് മാസ്റ്റർ പ്ലാൻ അടിയന്തരമായി തയ്യാറാക്കുന്നതിന് അഞ്ച് കോടി രൂപ അനുവദിക്കുക,പി ജെ ആന്റണി കൾച്ചറൽ സെന്റർ നാടകത്തിനായുള്ള സ്ഥിരം വേദി ആക്കി മാറ്റുന്നതിനുള്ള പദ്ധതിയ്ക്കായി ഒരു കോടി രൂപ അനുവദിക്കണം, കൊച്ചി നഗരത്തിന്റെ വികസനത്തിന് അത്യന്താപേക്ഷിതമായ റോഡ് ക്ലസ്റ്റർ തയ്യാറാക്കേണ്ടത് അനിവാര്യമാണ്.

നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട റോഡുകളായ കെ പി വള്ളോൻ റോഡ്, ഗോശ്രീമാമംഗലം റോഡ്, പള്ളുരുത്തി പാരലൽ റോഡ്, പണ്ഡിറ്റ് കറുപ്പൻ റോഡ് എന്നിവ റോഡ് ക്ലസ്റ്ററിന്റെ ഭാഗമാക്കി വികസിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. കെ പി വള്ളോൻ റോഡിന്റെ വികസനത്തിനായി അഞ്ച് കോടി രൂപയും പള്ളുരുത്തി പാരലൽ റോഡിന്റെ വികസനത്തിനായി അഞ്ച് കോടി രൂപയും ഗോശ്രീമാമംഗലം റോഡിന്റെ വികസനത്തിനായി അഞ്ച് കോടി രൂപയും ഉൾപ്പെടെ പതിനഞ്ച് കോടി രൂപ 2025 26 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി പദ്ധതിക്കായി അനുവദിക്കുക, കായൽ ഡ്രഡ്ജിങ് നടത്തി എക്കൽ നീക്കം ചെയ്യുന്നതിന പത്ത് കോടി രൂപ അനുവദിക്കണം എന്നിവയുൾപ്പെടെയുള്ള 13 വിഷയങ്ങൾക്ക് പണം അനുവദിക്കണമെന്നാണ് ധനമന്ത്രിയോട് അഭ്യർഥിച്ചിരിക്കുന്നതെന്നും മേയർ വ്യക്തമാക്കി.


